# ലോക കേരളസഭ: ചർച്ചയ്ക്കുള്ള രേഖ (കരട്)

കേരളത്തിലെ ജനങ്ങളിൽ ഒരു വലിയ വിഭാഗം കേരളത്തിന് പുറത്താണ് ജീവിക്കുന്നത്. ഈ വിഭാഗത്തിന് കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനും മനസ്സിലാക്കാനുമുള്ള സംവിധാനം നിലവിലില്ല. അതിനാൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേൾക്കുന്നതിനും കഴിയാത്ത സ്ഥിതിയുമുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതിനാണ് ലോക കേരളസഭ രൂപീകരിച്ചിരിക്കുന്നത്. ലോകമാകെയുള്ള പ്രവാസികളുടെ അറിവും കഴിവും കേരളത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുക എന്നതാണ് ഈ കൂടിച്ചേരലിന്റെ പ്രധാന ലക്ഷ്യം.

കേരളത്തിലെ പ്രവാസി സമൂഹത്തിന്റെ പ്രധാന സവിശേഷത അവർ നാടുമായി അടുത്ത ബന്ധം പുലർത്തുന്നവരാണ് എന്നതാണ്. പ്രവാസികൾക്കിടയിൽ വ്യത്യസ്ത തരത്തിലുള്ള അസംഖ്യം കൂട്ടായ്മകൾ സജീവമാണ്. ഇത്തരത്തിൽ മാറുമ്പോഴും വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലും അധിവസിക്കുന്ന കേരളീയർ തമ്മിൽ ആശയവിനിമയം സാധ്യമാക്കുന്നതിനും പരസ്പര സഹകരണം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ഒരു സംവിധാനവും നിലവിലില്ല. ഈ അഭാവവും ഇതിലൂടെ പരിഹരിക്കാനാവും.

കേരളത്തിൽ നിന്നുള്ള എം.പിമാരും എം.എൽ.എമാരും മന്ത്രിമാരും കേരളത്തിന് പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നും വരുന്ന പ്രതിനിധികളും ഉൾപ്പെടെ ഒന്നിച്ചുചേർന്ന് ചർച്ച നടത്തുന്ന ഈ സഭ പ്രവാസികളുടെ മേഖലയിലെ ജനാധിപത്യപരമായ ഇടപെടലിന്റെ പുതിയ മേഖല കൂടി തുറക്കുന്ന ഒന്നാണ്.

**പ്രവാസത്തിന്റെ ചരിത്രത്തിലേക്ക്**

വിദേശ രാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധത്തിന് ഏറെ കാലത്തെ പഴക്കമുണ്ട്. ഭൂമി ശാസ്ത്രപരമായി അറബി കടലിന്റെ സാമീപ്യം ഇത്തരം ബന്ധത്തിന് പ്രധാന കാരണമായിത്തീർന്നു. പലവിധ സുഗന്ധദ്രവ്യങ്ങൾ വിളയുന്ന നമ്മുടെ കാർഷിക മേഖലയുടെ സവിശേഷതയും അതിന് വിദേശ രാജ്യങ്ങളിലുള്ള വർദ്ധിതമായ ആവശ്യവും ഈ ബന്ധത്തിന് കാരണമായിത്തീർന്നു. ഇതിന്റെ വ്യാപാരം നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഏറെ സഹായകമായിത്തീരുകയും ചെയ്തു. ഈ പാരസ്പരികബന്ധം ലോകത്തെ വിവിധ സംസ്കാരങ്ങളുമായും ജനവിഭാഗങ്ങളുമായും ഇടപഴകുന്നതിനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. ഈ കൊണ്ടുകൊടുക്കലുകൾ നമ്മുടെ സംസ്കാരത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമായിത്തീർന്നു.

ആദ്യഘട്ടത്തിൽ കേരളത്തിൽ നിന്ന് പുറത്തേക്കുള്ള കുടിയേറ്റം പൊതുവെ ഉണ്ടായിരുന്നില്ല. എങ്കിലും പിന്നീട് മലേഷ്യ, സിങ്കപ്പൂർ, ശ്രീലങ്ക, ബർമ്മ തുടങ്ങിയ രാജ്യങ്ങളിലേക്ക് അത് വ്യാപിച്ചു. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ഈ കുടിയേറ്റത്തിൽ വലിയ തോതിൽ കുറവുണ്ടായി. പിന്നീട് കേരളത്തിൽ നിന്ന് വ്യവസായവത്കരിക്കപ്പെട്ട ഇന്ത്യൻ നഗരങ്ങളിലേക്കാണ് കുടിയേറ്റമുണ്ടായത്. ഇങ്ങനെ എത്തപ്പെട്ട മലയാളികൾ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളിലും ദേശീയ പ്രസ്ഥാനങ്ങളിലുമെല്ലാം വലിയ പങ്ക് വഹിച്ചു. രണ്ടാം ലോക മഹായുദ്ധത്തോടെ രൂപപ്പെട്ട സ്ഥിതിവിശേഷം യൂറോപ്യൻ രാജ്യങ്ങളിലുൾപ്പെടെ കുടിയേറ്റത്തിന്റെ സാധ്യതകളെ രൂപപ്പെടുത്തി.

1970 കളിൽ അറേബ്യൻ രാജ്യങ്ങളിൽ എണ്ണ വ്യാപകമായി ഉത്പാദിപ്പിക്കാൻ തുടങ്ങിയതോടെ അവിടുത്തെ സമ്പദ്ഘടനയ്ക്ക് കരുത്ത് പകരുന്ന വിധം വലിയ കുടിയേറ്റം കേരളത്തിൽ നിന്നുണ്ടായി. ഇത് കേരളത്തിലെ പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഇടത്തരക്കാരന്റെ ജീവിതനിലവാരം പിടിച്ചുനിർത്തുന്നതിനും ഇടയാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറുന്ന മലയാളിയുടെ അവസ്ഥ ആധുനിക കാലത്ത് കൂടുതൽ ശക്തിപ്പെട്ടുവരുന്ന സാഹചര്യവും ഉണ്ടാക്കി. ആഗോളവത്കരണ നയങ്ങൾ രൂപപ്പെട്ടതോടെ ആഗോളതലത്തിലുള്ള മൂലധനത്തിന്റെ നീക്കങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങളും പുതിയ സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ട്. ഇവയെല്ലാം ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

**ഇതിന്റെ ലക്ഷ്യം**

കേരളത്തിന്റെ വികസന മാതൃക ലോകത്തെമ്പാടും ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. കേരള മോഡൽ എന്ന് വിളിക്കപ്പെടുന്ന ഈ വികസനത്തിന്റെ സവിശേഷതകളും ദൗർബല്യങ്ങളും വിലയിരുത്തപ്പെട്ടിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകൾ ദുർബലപ്പെട്ടു കിടക്കുന്നു എന്ന പ്രശ്നം ഗൗരവതരമായി നിലനിൽക്കുകയാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലാണെങ്കിൽ രണ്ടാം തലമുറ പ്രശ്നങ്ങളും സജീവമാണ്. അവയുടെ ഗുണനിലവാരം ഏറെ മെച്ചപ്പെടേണ്ട സാഹചര്യവും നിലനിൽക്കുന്നുണ്ട്.

സേവനമേഖലകളിലാണ് പ്രധാനമായും നമ്മുടെ വളർച്ച നിലനിൽക്കുന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സുരക്ഷാവലയവും നമ്മുടെ വികസനത്തിന്റെ പ്രധാനപ്പെട്ട സവിശേഷതയാണ്. എന്നാൽ അഭ്യസ്ഥവിദ്യർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തൊഴിൽ ലഭിക്കുന്നില്ല എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യതൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളുടെ പ്രശ്നങ്ങളും സവിശേഷമായ വെല്ലുവിളികളായി നമ്മുടെ മുമ്പിലുണ്ട്. പാരിസ്ഥിതികമായ ചില പ്രശ്നങ്ങളും വർത്തമാനകാലത്ത് ഉയർന്നുവന്നിട്ടുണ്ട്.

നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുതകുന്ന വികസന കാഴ്ചപ്പാടിൽ ഉറച്ചുനിന്നുകൊണ്ട് പ്രവാസികളെക്കൂടി അത്തരം വികസന മുന്നേറ്റത്തിന് എങ്ങനെ പങ്കാളിയാക്കാം എന്നത് ഈ സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശമാണ്. അതോടൊപ്പം തന്നെ പ്രവാസികളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാനും അവ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാകും എന്നതും ഇതിന്റെ ഭാഗമായി പരിശോധിക്കേണ്ട വിഷയമാണ്. ഇത്തരം കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചയ്ക്ക് സഹായകമാവുന്ന രേഖയുടെ കരടുരൂപമാണ് ഇത്.

പരസ്പര ആശയവിനിമയത്തിന് സഹായകമായി നിൽക്കുന്ന പലവിധ സംഘടനകൾ പ്രവാസിമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്ക് അതിന്റേതായ പ്രാധാന്യവും ഉണ്ട്. ഇന്ത്യയിലെ ഇതര പ്രദേശങ്ങളിലും പുറംരാജ്യങ്ങളിലും ഉള്ള കേരളീയ പ്രവാസി സമൂഹങ്ങൾ തമ്മിൽത്തമ്മിലും അവയും കേരളവും തമ്മിലും ആശയ വിനിമയം നല്ല നിലയിൽ നടക്കേണ്ടതുണ്ട്. ഇങ്ങനെ പരസ്പരം അറിഞ്ഞ് മുന്നോട്ട് പോകുന്നതിനും അവരെ ആകെ യോജിപ്പിക്കുന്നതിനുമുള്ള പൊതുവേദി

ഇന്ന് നിലനിൽക്കുന്നില്ല എന്നത് ഈ രംഗത്തെ പ്രധാന ദൗർബല്യമാണ്. അത് പരിഹരിക്കുന്ന വിധം ലോക കേരളത്തെ ഒരുമിച്ച് നിർത്തുന്ന പൊതുവേദി എന്ന ധർമ്മം നിർവഹിക്കുക കൂടിയാണ് ലോക കേരളസഭയിലൂടെ സംസ്ഥാന സർക്കാർ ചെയ്യുന്നത്.

നിലവിലുള്ള നമ്മുടെ വികസന പ്രശ്നങ്ങളുമായി പ്രവാസികളെ ബന്ധിപ്പിക്കുന്നതിനുതകുന്ന യാതൊരുവിധ സംവിധാനവും കാര്യക്ഷമമായി നിലവിൽ പ്രവർത്തിക്കുന്നില്ല. അത്തരം ഒരു സംവിധാനം രൂപപ്പെടുത്തുന്നതിന് സർക്കാർ തന്നെ മുൻകൈ എടുക്കുകയും അവിടെ ജനാധിപത്യപരമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു എന്നതാണ് ഈ സഭയുടെ പ്രധാന സവിശേഷത. പ്രവാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ആസൂത്രിതമായ ശ്രമങ്ങൾ ഇതുവരെ നടന്നിട്ടില്ല. പ്രവാസികളോടുള്ള ഉത്തരവാദത്തം നിർവഹിക്കുന്നതോടൊപ്പം പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗിക്കാൻ ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണ്. സുപ്രധാനമായ ഈ രണ്ട് ദൗത്യങ്ങളും ഏറ്റെടുക്കാൻ കഴിയുന്ന തരത്തിലാണ് ലോക കേരളസഭയുടെ നടപടിക്രമങ്ങളും വിഭാവനം ചെയ്തിട്ടുള്ളത്.

## II

## പ്രവാസവും നമ്മുടെ സമ്പദ്ഘടനയും

ലോകത്ത് ഏറ്റവും വലിയ പ്രവാസിസമൂഹമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസിപ്പണം (Worker's Remittances) വരുന്ന രാജ്യമാണ് ഇന്ത്യ. 2015 ൽ ഇന്ത്യ കൈപ്പറ്റിയ പ്രവാസികളുടെ പണം 68910 മില്ല്യൺ ഡോളറായിരുന്നു. ഇത് മൊത്ത ആഗോള പ്രവാസിപണത്തിന്റെ 12.45 ശതമാനം വരും. ലോകത്തിലെ മറ്റു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ ഈ വരുമാനം ഏറെ വലുതാണെന്ന് കാണാം. വൻതോതിൽ വിദേശ നാണയം നേടിത്തരുന്നവരാണ് പ്രവാസികൾ എന്നർത്ഥം.

### പ്രവാസി നിക്ഷേപത്തിന്റെ സവിശേഷത

ഇന്ത്യയുടെ ആദ്യകാല പഞ്ചവത്സര പദ്ധതിരേഖകൾ രാജ്യത്തിന്റെ വികസനത്തിനു വിലങ്ങുതടിയായി ചൂണ്ടിക്കാണിച്ചിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം വിദേശവിനിമയ ദൗർലഭ്യമാണ്. രാജ്യത്തേക്ക് വിദേശ വ്യാപാരം, വിദേശ മൂലധനനിക്ഷേപം, വിദേശകടം, തുടങ്ങിയ പല രൂപത്തിലേക്കും വിദേശ നാണയം കടന്നുവരുന്നുണ്ട്. വിദേശ വായ്പകൾ മുതലും പലിശയും ചേർത്ത് തിരിച്ചടയ്ക്കണം. വിദേശ നിക്ഷേപവും മുതലും പലിശയും ചേർത്ത് പിൻവലിക്കുന്ന അവസരത്തിൽ തിരിച്ച് നൽകേണ്ടതുണ്ട്. എന്നാൽ ഇത്തരക്കാർക്ക് വിദേശനാണയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുന്തിയ പരിഗണന ലഭിക്കുന്നുണ്ട്.

മേൽപറഞ്ഞ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വിദേശനാണയത്തേക്കാൾ രാജ്യത്തിന്റെ വികസനത്തിന് കൂടുതൽ സഹായകമായത് പ്രവാസികളുടെ നിക്ഷേപമാണ്. (കണക്ക് ***അനുബന്ധം 1*** ൽ നൽകിയിട്ടുണ്ട്) പ്രവാസികളുടെ പണത്തിന്റെ സിംഹഭാഗവും വരുന്നത് ഇന്ത്യൻ രൂപ അടിസ്ഥാനമാക്കിയുള്ള നിക്ഷേപങ്ങളിലേക്കാണ് എന്നതിനാൽ ബാങ്ക് പലിശ നൽകുന്നത് ഇന്ത്യൻ രൂപയിലാണ്. തന്മൂലം ഒരു ബാധ്യതയും സൃഷ്ടിക്കാത്ത തിരിച്ചടവില്ലാത്ത

വിദേശനാണയ സ്രോതസ്സാണ് പ്രവാസിപ്പണം. അതുകൊണ്ട് തന്നെ രാജ്യത്തിന്റെ വിദേശനാണയ വരവ് വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയെ അവഗണിക്കുകയല്ല, പ്രോത്സാഹിപ്പിക്കുക എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.

**വ്യക്തമായ കണക്കുകൾ നിലവിലില്ല**

പ്രവാസികളെ സംബന്ധിച്ച് വ്യക്തവും സമഗ്രവുമായ ഒരു ചിത്രം പോലും നമുക്കില്ല. ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റത്തെ കുറിച്ച് കൃത്യമായ കണക്കെടുക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള ഒരു സംവിധാനം ദേശീയ തലത്തിൽ ഇനിയും രൂപപ്പെട്ടിട്ടില്ല. വിദേശയാത്രകളെയും കുടിയേറ്റങ്ങളെയും നിയന്ത്രിക്കാനും, പ്രവാസിക്ഷേമം ഉറപ്പുവരുത്താനും ഭരണഘടനാപരമായി ബാദ്ധ്യതപ്പെട്ട കേന്ദ്രസർക്കാരിനാണ് ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കാനാവുക.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ കുറേക്കൂടി ജാഗ്രത്തായ പ്രവർത്തനം നടന്നിട്ടുണ്ടെന്ന് കാണാം. സി.ഡി.എസ് പോലുള്ള സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കണക്കുകളാണ് ഇക്കാര്യത്തിൽ നമുക്ക് ദിശാബോധം പകരുന്നത്. കേരള മൈഗ്രേഷൻ സർവ്വേയുടെ ഒരു പ്രധാന പരിമിതി അത് സാമ്പിൾ അടിസ്ഥാനത്തിൽ പതിനയ്യായിരം കുടുംബങ്ങൾ സന്ദർശിച്ച് നടത്തുന്ന ഒന്നാണ്. പ്രസ്തുത സാമ്പിൾ സർവ്വേയിൽ നിന്ന് നടത്തുന്ന മതിപ്പ് കണക്കുകളാണ് ഇപ്പോൾ പ്രവാസികളുടെ എണ്ണം സംബന്ധിച്ചും മറ്റും നമുക്കുള്ളത്. നാട്ടിലെ കുടുംബബന്ധങ്ങൾ മുറിഞ്ഞു പോയ പ്രവാസികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ സർവ്വേയിൽ ലഭ്യമല്ല. മാത്രമല്ല, പ്രവാസികളുടെ വ്യക്തിഗത വിവരങ്ങളും ലഭ്യമല്ല എന്നതും പ്രധാന പരിമിതിയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, അവരുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയൊന്നും ഇതിന്റെ പരിധിയിൽ വരുന്നില്ല എന്നതും ഇക്കാര്യത്തിൽ നമുക്കുള്ള പോരായ്മകളായി നിലനിൽക്കുന്നു. പ്രവാസികളെ സംബന്ധിച്ച് നയം രൂപീകരിക്കുന്നതിന് കൃത്യമായ കണക്കുകൾ വേണ്ടതുണ്ട്. എങ്കിലും നിലവിൽ ഇത്തരം കണക്കുകളെ ആശ്രയിക്കുക മാത്രമേ വഴിയുള്ളൂ.

2014 ൽ നടന്ന കേരള മൈഗ്രേഷൻ സർവേയുടെ കണക്കനുസരിച്ച് 24 ലക്ഷം പ്രവാസികൾ കേരളത്തിൽ നിന്നും വിവിധ രാജ്യങ്ങളിലേക്കു കുടിയേറിയിട്ടുണ്ട്. 12.52 ലക്ഷം പ്രവാസികൾ നാട്ടിലേക്ക് തിരിച്ചെത്തിയിട്ടുമുണ്ട്. കേരളത്തിലേക്ക് തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം കാലക്രമേണ കൂടി വരികയാണ്. 2014 ലെ കണക്കനുസരിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം ഏകദേശം വിദേശത്തുള്ളവരുടെ 52 ശതമാനം വരും. (ഇതു സംബന്ധിച്ച കണക്ക് ***അനുബന്ധം 2*** ആയി നൽകിയിട്ടുണ്ട്.)

2014 ലെ കണക്കനുസരിച്ച് 86 ശതമാനം പ്രവാസി മലയാളികളും ഗൾഫ് രാജ്യങ്ങളിലേക്കാണ് കുടിയേറിയിരിക്കുന്നത്. 1998ൽ ഇത് 94 ശതമാനം ആയിരുന്നു. ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റം കാലക്രമേണ കുറയുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളിലെ പ്രവാസികളുടെ ഏകദേശ കണക്ക് കേരളത്തിൽ നിന്നുമുള്ള മൊത്തം കുടിയേറ്റത്തിന്റെ 3.4 ശതമാനവും, യൂറോപ്പിൽ 2.4 ശതമാനവും ആകുന്നു.

കേരളത്തിൽ നിന്നും ആദ്യതലമുറ കുടിയേറ്റം നടന്ന രാജ്യങ്ങളായ സിംഗപ്പൂർ മലേഷ്യ, ആഫ്രിക്കൻ രാജ്യങ്ങൾ തുടങ്ങിയവയിൽ ആകെ പ്രവാസികളുടെ ശതമാനക്കണക്ക് 1.4 ശതമാനം ആണ്. (***അനുബന്ധം 3*** ൽ ഇത് നൽകിയിട്ടുണ്ട്)

ഇന്ത്യയ്ക്ക് പുറത്തുമാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലേക്കും ഇത്തരം കുടിയേറ്റം ഉണ്ടായിട്ടുണ്ടെന്ന് കാണാം. ഏകദേശം 7 ലക്ഷത്തോളം പേരാണ് കേരളത്തിന് പുറത്ത് വിവിധ തൊഴിൽ മേഖലകളിലായി കുടിയേറിയിട്ടുള്ളത്. ഇതിൽ 33 ശതമാനം പ്രവാസികൾ കർണാടകയിലും, 17 ശതമാനം തമിഴ് നാട്ടിലും, 14 ശതമാനം മഹാരാഷ്ട്രയിലും, 8 ശതമാനം ന്യൂഡൽഹിയിലുമാണ് കുടിയേറിയിട്ടുള്ളത്. ശേഷിക്കുന്ന 27 ശതമാനം പ്രവാസികൾ മറ്റു സംസ്ഥാനങ്ങളിലേക്കും കുടിയേറിയിരിക്കുന്നു.

മേൽ വിവരിച്ച കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത് 2014 ലെ സർവേയുടെ അടിസ്ഥാനത്തിലാണ്. ഈ വിവരങ്ങൾ പുതുക്കുന്നതിനായി ഒരു ഓൺലൈൻ വിവരശേഖരണം നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരോ പ്രവാസിയെയും സഹകരിപ്പിക്കാനാവണം. ഇതിനായുള്ള തീരുമാനങ്ങളെടുക്കാൻ ഈ ലോക കേരളസഭയക്ക് കഴിയേണ്ടതായിട്ടുണ്ട്. നമ്മുടെ പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്നായി ഇത് മാറേണ്ടതുണ്ട്.

**കുടിയേറ്റത്തിന്റെ സ്വഭാവത്തിൽ വരുന്ന മാറ്റം**

ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിനും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ ഇന്നും പശ്ചിമേഷ്യയിലേക്കുള്ള അവിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റത്തിനാണ് മുൻതൂക്കമെങ്കിലും ചെറുകിട-ഇടത്തര-വൻകിട സംരംഭകരുടെയും, വിദഗ്ധ തൊഴിലാളികളുടെയും, പ്രൊഫഷണലുകളുടെയും സാന്നിദ്ധ്യം കൊണ്ട് കേരളത്തിലെ പ്രവാസി സമൂഹം കൂടുതൽ വൈവിധ്യം കൈവരിച്ചിട്ടുണ്ട്.

കേരളീയരുടെ തൊഴിൽ, വരുമാന പ്രതീക്ഷകൾ മറ്റു അവികസിത, വികസ്വര രാജ്യങ്ങളെ അപേക്ഷിച്ച് വളരെ മുകളിലാണ്. കൂലി കുറഞ്ഞതും വൈദഗ്ധ്യം ആവശ്യമില്ലാത്തതും കായികാധ്വാനം കൂടുതലാവശ്യവുമായ മേഖലകളിൽ കേരളത്തിൽ നിന്നുള്ളവർ കുറഞ്ഞുവരുന്നുണ്ട്. കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നവരെ അപേക്ഷിച്ച് വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്നവരുടെ അനുപാതം കൂടിവരുകയാണ്. വിദേശ രാജ്യങ്ങളിൽ വികസിത രാജ്യങ്ങളോടും മധ്യപൂർവദേശത്തെ രാജ്യങ്ങളോടുമുള്ള കേരളീയരുടെ ആഭിമുഖ്യം കാണിക്കുന്നത് ഉയർന്ന പ്രതിശീർഷവരുമാനവും വികസനവുമുള്ള രാജ്യങ്ങളെയാണ് മലയാളികൾ ലക്ഷ്യം വെയ്ക്കുന്നത് എന്നാണ്.

**പ്രവാസത്തിന്റെ ഭാവി**

രാഷ്ട്രങ്ങളുടെയും, പ്രദേശങ്ങളുടെയും അതിർത്തി കടന്നു സാധനങ്ങളും, സേവനങ്ങളും, മൂലധനവും, സാങ്കേതികവിദ്യയും പോവുകയും വരുകയും ചെയ്യുന്ന പ്രവണത തുടരുകയാണ്. വികസിതരാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജനസംഖ്യാചുരുക്കം കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കാൻ അവരെ നിർബന്ധിതമാക്കുന്ന സ്ഥിതിയാണ് ഉള്ളത്. നമ്മെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു സാധ്യതയെ ഉപയോഗപ്പെടുത്തേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്.

ഈ സാഹചര്യത്തിൽ ലോകകേരളസഭ പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഹ്രസ്വകാല കുടിയേറ്റം സംബന്ധിച്ച് ലോകവ്യാപാര സംഘടന (WTO) യിൽ നടക്കുന്ന ചർച്ചകളാണ്. ലോക വ്യാപാര സംഘടനയുടെ ഭാഗമായ സേവന വ്യാപാര ഉടമ്പടി (General Agreement on Trade in Service- GATS)ഹ്രസ്വകാല

കുടിയേറ്റത്തെ സേവനവ്യാപാരമായാണ് കണക്കാക്കുന്നത്. അവികസിത രാജ്യങ്ങൾക്ക് കൂടുതൽ താൽപര്യമുള്ള വിഷയമായതിനാൽ ഇത് സംബന്ധിച്ച ചർച്ച ഏറെ പുരോഗമിച്ചിട്ടില്ല. ഈ ചർച്ച നാം കൂടുതൽ താൽപര്യമെടുത്ത് ശ്രദ്ധിക്കേണ്ടതും പ്രവാസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് പ്രധാന മാണ്. ഇക്കാര്യത്തിൽ ശരിയായ നിലപാടുകൾ രാജ്യ താത്പര്യം കണക്കിലെടുത്തു കൊണ്ട് സ്വീകരിക്കേണ്ടതുണ്ട് എന്ന കാര്യം അവരെ അറിയിക്കാനുമാവണം.

അതുപോലെ അന്തർദേശീയ തൊഴിൽ സംഘടനയുടെ പ്രവാസ സംബന്ധ മായ പ്രവർത്തനത്തിലും ജാഗ്രത പാലിക്കേണ്ട ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുത്തുന്നതിനുള്ള തീരുമാനം ഈ സഭയിൽ എടുക്കാനാവണം. അന്തർദേശീയ തൊഴിൽ സംഘടനയുടെ സാധ്യതകൾ നമ്മുടെ പ്രവാസിസമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സമർത്ഥമായി ഉപയോഗിക്കാൻ കഴിയണം. ഇതുവരെ അത്തരം ഒരു ആർജ്ജവം നാം വേണ്ടത്ര കാണിച്ചിട്ടില്ല എന്നതാണ് സത്യം. ഇത്തരം കാര്യങ്ങളിൽ പാർലമെന്റിൽ ഉൾപ്പെടെ ഇടപെടുന്നതിന് നമ്മുടെ ജനപ്രതിനിധികൾക്കും കഴിയേണ്ടതുണ്ട്.

നമ്മുടെ രാജ്യത്തിന് ഇന്ന് പ്രഖ്യാപിത കുടിയേറ്റ–പ്രവാസ നയമില്ല. പ്രവാ സവും കുടിയേറ്റവും സംബന്ധിച്ച് ഒട്ടേറെ തീരുമാനങ്ങൾ ഭരണകൂടം സ്വീകരിക്കു കയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ഇത്തരം നടപടികളിൽ അന്തർലീന മായ സമീപനം പരസ്യപ്പെടുത്തുകയോ പൊതുവായ ചർച്ചയ്ക്ക് വിധേയമാക്കപ്പെ ടുകയോ ചെയ്യുന്നില്ല. പ്രഖ്യാപിക്കപ്പെടാത്ത, പരസ്യപ്പെടാത്ത, ഒട്ടും സുതാര്യമ ല്ലാത്ത പ്രവാസ–കുടിയേറ്റ നയം പ്രവാസികളോട് നീതിപുലർത്തുന്നില്ല എന്നതാണ് പൊതുവിലുള്ള അഭിപ്രായം.

പ്രവാസികളുടെ പൗരാവകാശം സംരക്ഷിക്കാനും, അതിനുതകുന്നവിധം നമ്മുടെ കുടിയേറ്റ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താനുമാവണം. പുതുതായി ആരംഭിച്ച പ്രവാസി ഭാരതീയ വകുപ്പ്, 2014 ൽ വിദേശകാര്യ വകുപ്പുമായി സംയോജിപ്പിച്ചത് പ്രവാസികളുടെ ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു എന്നതും കാണാതിരുന്നുകൂടാ. പ്രവാസികളെയും ഇന്ത്യൻ വംശജരെയും ഒരേ പോലെ ബാധിക്കുന്ന ഐക്യരാഷ്ട്രസഭയുടെ തൊഴിൽ സുരക്ഷ ഉടമ്പടികളിലും പ്രമുഖ ആതിഥേയ ഉഭയകക്ഷി തൊഴിലാളി സുരക്ഷ കരാറുകളിലും ഇന്ത്യ ഒപ്പിട്ടിട്ടില്ല. കൂടാതെ പ്രവാസികൾക്ക് സംരക്ഷണം ഒരുക്കുന്നതിന് പകരം കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നതിന്റെ ഫലമായി ആതിഥേയ രാജ്യങ്ങൾ മറ്റ് വികസ്വര–അവികസിത രാജ്യങ്ങളിലെ തൊഴിൽ കമ്പോളങ്ങളിലേക്ക് തിരിയുന്നതും ശ്രദ്ധേയമായ കാര്യമാണ്.

**സംസ്ഥാനം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

നൈപുണ്യവും, വിദ്യാഭ്യാസവും കുറവുമാത്രം ആവശ്യമുള്ള തൊഴിലുകളിലെ അവസരം കുറയുകയാണ്. അതുകൊണ്ട് തന്നെ പ്രവാസത്തിന്റെ ഭാവി സാധ്യതകളെ ഉപയോഗപ്പെടുത്തുന്ന വിധം നമ്മുടെ വിദ്യാഭ്യാസത്തിലും ചില ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമായിവരും. മറ്റ് രാജ്യങ്ങളിലെ തൊഴിൽ മേഖലയിലാണ് നാം എത്തിച്ചേരുന്നത്. അതിനാൽ മറ്റു രാജ്യങ്ങളിലെ ഇത്തരം പരി ശീലനം സിദ്ധിച്ചവരുമായി നമുക്ക് മത്സരിക്കേണ്ടിവരും. അതിനാൽ മികച്ച നിലവാരം പുലർത്തുന്ന വിധം നമ്മുടെ വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുക എന്നതും ഇത്തരം ഇടപെടലിന് പ്രധാനമാണെന്ന് മനസ്സിലാക്കണം.

കുടിയേറ്റമെന്നത് നിത്യവൃത്തിയ്ക്കായുള്ള അധ്വാനശേഷിയുള്ള സാധാരണക്കാരുടെ മാർഗ്ഗമെന്ന നിലയിൽ നിന്നും അവികസിത രാജ്യങ്ങളിലെ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്കു മാത്രം സാധ്യമാകുന്ന കാര്യമെന്നനിലയിലേക്ക് പരിണമിക്കുകയാണ്. ഈ നിലയ്ക്ക് മാറ്റം വരുത്താവുന്ന വിധമുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇക്കാര്യത്തിൽ ഏതൊക്കെ രീതിയിൽ സഹായിക്കാനാവുമെന്ന കാര്യം പരിശോധിക്കാനാവണം.

റിക്രൂട്ട്മെന്റ് രംഗത്ത് ഇപ്പോൾ തികഞ്ഞ അരാജകത്വമാണ് രാജ്യത്ത് നടമാടുന്നത്. ഉയർന്ന കാര്യക്ഷമതയുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ വളർത്തി യെടുക്കാൻ നമുക്ക് കഴിയണം. ലോകതൊഴിൽ കമ്പോളത്തിലെ മാറ്റങ്ങൾ തുടർച്ച യായി നിരീക്ഷിക്കുക, വിശകലനം ചെയ്യുക, വിദ്യാഭ്യാസ നൈപുണ്യവികസന ഏജൻസികളെ മാറ്റങ്ങളെക്കുറിച്ച് ജാഗരൂകരാക്കുക, തൊഴിൽ അന്വേഷകരോടും തൊഴിൽ ദാതാക്കളോടുമുള്ള ഉത്തരവാദിത്വം പാലിക്കുക, റിക്രൂട്ട് ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുക, അവർക്ക് ഇൻഷുറൻസ് സുരക്ഷ ലഭ്യമാക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ തികഞ്ഞ പ്രൊഫഷണലിസത്തോടെ നിർവഹിക്കാൻ കഴിയുന്ന റിക്രൂട്ട്മെന്റ് ഏജൻസികൾ ഉണ്ടാവണം.

# III

## പ്രവാസമേഖലയിലെ പ്രശ്നങ്ങൾ

പ്രവാസികൾ എന്നതുകൊണ്ട് മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും കുടി യേറിയിട്ടുള്ള മലയാളികളെയാണ് നാം ഉദ്ദേശിക്കുന്നത്. മറ്റു രാജ്യങ്ങളുമായി ബന്ധ പ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനാണ് പ്രധാനമായും കാര്യങ്ങൾ ചെയ്യാനാവു ക. മറ്റു സംസ്ഥാനങ്ങളുമായി നടത്തുന്ന വിനിമയങ്ങളിലൂടെയാണ് സംസ്ഥാന ത്തിന് പുറത്തുള്ള പ്രവാസികളുടെ കാര്യത്തിൽ നമുക്ക് ഇടപെടാനാവുക. കേന്ദ്ര സർക്കാരിന്റെ സജീവമായ പങ്കാളിത്തവും ഇടപെടലും പ്രവാസി പ്രശ്നത്തിൽ മർമ്മ പ്രധാനമാണ് എന്ന് കാണാം.

ഒരോ രാജ്യത്തും നമ്മുടെതായ എംബസികൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംവിധാനത്തെ ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിപ്പിക്കുക എന്നത് പ്രധാനമാ ണ്. അതിന് ആവശ്യമായ രീതിയിൽ ആ സംവിധാനത്തെ വികസിപ്പിക്കാനാവണം. എംബസികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതിന് ഉതകുന്ന വിധത്തിലുള്ള ഇടപെടലുകൾ വിവിധ മേഖലയിൽ നടത്തുന്നതിനുമാണ് സംസ്ഥാന സർക്കാരിന് പൊതുവിൽ സാധിക്കുക. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെ പൊതുവെ നമുക്ക് മൂന്ന് ഘട്ടമായി തിരിക്കാം.

1. പ്രവാസത്തിന് മുമ്പ്
2. പ്രവാസകാലത്ത്

3. പ്രവാസത്തിന് ശേഷം

**പ്രശ്നങ്ങൾ പ്രവാസത്തിനു മുമ്പ്**

പ്രവാസത്തിന് തയ്യാറെടുക്കുന്നവരെ സംബന്ധിച്ചിടത്തോളം കുഴയ്ക്കുന്ന പ്രധാന പ്രശ്നം ശരിയായ വിവരങ്ങളുടെ അഭാവമാണ്. ഈ രംഗത്തുള്ള പോരായ്മയുടെ ഭാഗമായി കബളിപ്പിക്കുന്ന സ്ഥിതി പലപ്പോഴും ഉണ്ടാകാറുണ്ട്. ഈ രംഗത്ത് നിയമവിധേയമായ കരാറുകളോ ഉടമ്പടികളോ ഇല്ല. വാക്കാലുള്ള കരാറുകളാകട്ടെ ലംഘിക്കപ്പെടുന്ന സ്ഥിതിയുമാണുള്ളത്. ഇത്തരം അരാജകത്വം തൊഴിൽദാതാക്കളെയും ബാധിക്കുന്ന സ്ഥിതിയുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുടിയേറ്റ പ്രവാസനയവും അതുമായി ബന്ധപ്പെട്ട നിയമങ്ങളും ഉണ്ടാകേണ്ടതുണ്ട്. ശരിയായ റിക്രൂട്ടമെന്റ് ഏജൻസികളെ ഈ രംഗത്ത് പ്രോത്സാഹിപ്പിക്കണം.

വിമാനക്കൂലിയുടെ പ്രശ്നം ഗൗരവതരമായ ഒന്നായി നിലനിൽക്കുന്നുണ്ട്. 2400 കോടി രൂപയോളം വരുന്ന വിപണി എന്ന നിലയിൽ കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടാനാവണം. സംസ്ഥാനം നേരിട്ടു തന്നെ ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം നാം ചർച്ച ചെയ്തിരുന്നു. ഈ രംഗത്ത് ശരിയായ ഇടപെടൽ ഉണ്ടാവണം.

എമിഗ്രേഷനും ഇമിഗ്രേഷനുമായി ബന്ധപ്പെട്ട് ഈടാക്കുന്ന ഫീസുകളുടെ കാര്യവും ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. നമ്മുടെ രാജ്യത്ത് ഈടാക്കുന്ന പണത്തിന്റെ നിരക്കും അതിലൂടെ സമാഹരിക്കുന്ന പണത്തിന്റെ വിനിയോഗവും സംബന്ധിച്ച് നിലനിൽക്കുന്ന സുതാര്യതയില്ലായ്മയും തിരുത്തപ്പെടേണ്ടതാണ്. ഇതിന്റെ ഭാഗമായി ശേഖരിക്കുന്ന പണം മുഴുവൻ പ്രവാസിക്ഷേമത്തിനു ഉപയോഗിക്കുന്നു എന്നു ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

**പ്രവാസത്തിലെ പ്രശ്നങ്ങൾ**

മറ്റൊരു രാജ്യത്തുനിന്നും ചെന്നെത്തിയവർ എന്ന നിലയിൽ ആ രാജ്യത്തെ ജനത അനുഭവിക്കുന്ന പൗരാവകാശങ്ങൾ കുടിയേറ്റ വിഭാഗങ്ങൾക്ക് ലഭിക്കണമെന്നില്ല. ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് ആ രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നു എന്ന സ്ഥിതി ഉണ്ടാകാം എന്നതുകൊണ്ട് ഉഭയകക്ഷി ബന്ധങ്ങളുടെയും അന്താരാഷ്ട്ര കരാറുകളുടേയും അടിസ്ഥാനത്തിലുള്ള ഇടപെടലുകൾക്കുള്ള സാധ്യതയെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

സംസ്ഥാനത്തിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടാൻ ശ്രമിക്കേണ്ടതുണ്ട്. വിദേശത്ത് നിയമകുരുക്കിൽ അകപ്പെട്ട പ്രവാസികളെ സഹായിക്കാൻ കേരളം രൂപീകരിച്ചിട്ടുള്ള നിയമസഹായ വേദി ഇതിന് ഉദാഹരണമാണ്. എന്നാൽ ഈ സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഷാർജാ സുൽത്താന്റെ കേരള സന്ദർശനവേളയിൽ സംസ്ഥാനം ഉന്നയിച്ച പ്രശ്നങ്ങളോട് സുൽത്താൻ സ്വീകരിച്ച സമീപനവും തുടർന്നുണ്ടായ നടപടികളും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

കുടിയേറ്റ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള അന്തർദേശീയ കരാറുകളുടെ ഭാഗമായി നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലാണ് ഉണ്ടാവേണ്ടത്. ഇതിനായി നമ്മുടെ രാജ്യത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട മിഷനുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവും ആയിത്തീരേണ്ടതുണ്ട്. നമുക്ക് നേരിട്ട് ഇടപെടാൻ അധികാരം

ഇല്ലാത്തകാര്യങ്ങളിൽ പോലും പ്രവാസി സംഘടനകളുടെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഇടപെടുന്നതിനുള്ള ശ്രമങ്ങളും ഉണ്ടാവേണ്ടതുണ്ട്.

പ്രവാസികളിൽ ഒരു വലിയ ശതമാനം സ്ത്രീകളാണ്. നേഴ്സിംഗ് പോലുള്ള തൊഴിലുകൾ ചെയ്തുകൊണ്ട് സമാന്യം ഭേദപ്പെട്ട നിലയിൽ ജീവിക്കുന്ന സ്ത്രീകളുണ്ട് പ്രവാസികളായി. കുടുംബത്തോടൊപ്പം പ്രവാസികളായി മാറി കുടുംബജീവിതം നയിക്കുന്നവരും ഏറെയുണ്ട്. ഗാർഹിക തൊഴിലുകൾ ഉൾപ്പെടെ ചെയ്തു ജീവിക്കുന്ന ഏറെ പാവപ്പെട്ടവരും ഈ സ്ത്രീകളുടെ കൂട്ടത്തിലുണ്ട്. ഇവർ പലപ്പോഴും ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നു എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളെ പരിഹരിക്കാൻ ഉതകുന്ന സമീപനം ഉണ്ടാകണം.

തൊഴിൽ നിയമങ്ങളുടെയും മറ്റും പ്രശ്നങ്ങൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കു കുടിയേറിയ കേരളീയരായ തൊഴിലാളികളും നേരിടുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാൻ ശ്രമിക്കുകയാണ് സംസ്ഥാന സർക്കാരിന് ചെയ്യാനാവുക. മലയാളം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ, കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നാട്ടിലെ ബന്ധപ്പെട്ട വേദികളിലുള്ള പങ്കാളിത്തം, പി.എസ്.സി പരീക്ഷകൾ എഴുതാനുള്ള സെന്റർ സൗകര്യം, നാട്ടിലേക്കുള്ള യാത്രാ സൗകര്യം തുടങ്ങിയ കാര്യങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നവയാണെന്ന് കാണാം. അത്തരം കാര്യങ്ങളിലും ഇടപെടലുകൾ അനിവാര്യമാണ്.

**പ്രവാസത്തിനു ശേഷമുള്ള പ്രശ്നങ്ങൾ**

കുടിയേറ്റത്തെ പലപ്പോഴും മറ്റുരാജ്യങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്നത് കുടിയേറ്റ തൊഴിലാളികളെ നിയമിക്കുന്നതിലൂടെ കൂലിച്ചെലവു ലാഭിക്കുന്നതോടൊപ്പം അവരുടെ സാമൂഹ്യക്ഷേമത്തിനും വാർദ്ധക്യകാല സംരക്ഷണത്തിനും ആവശ്യമായ ചെലവുകൾ കൂടി ഒഴിവാക്കാൻ കഴിയും എന്നതുകൊണ്ടാണ് സാമൂഹ്യസുരക്ഷയുടെയും വാർദ്ധക്യകാല സംരക്ഷണത്തിന്റേയും ചെലവ് ലാഭിക്കുക എന്ന ലക്ഷ്യം ഇതിൽ ഒളിച്ചിരിക്കുന്നു എന്ന കാര്യം അടുത്ത കാലത്ത് വന്ന പഠനങ്ങൾ പറയുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ തിരിച്ചുവരുന്ന പ്രവാസിയുടെ പ്രത്യേകിച്ചും പാവപ്പെട്ടവരുടെ പുനരധിവാസം പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

**പുനരധിവാസ സാധ്യതകൾ**

പ്രവാസികളിൽ നല്ലൊരു പങ്കും നാട്ടിലേക്ക് തിരിച്ച് വരുന്നത് ഉപജീവനത്തിനുവേണ്ടി തുടർന്നും അധ്വാനിക്കാൻ നിർബന്ധിക്കപ്പെടുന്ന അവസ്ഥയിലാണ്. നല്ല സമ്പാദ്യത്തോടുകൂടി തിരിച്ച് വരുന്നവരിലും വിശ്രമത്തിനുപകരം കർമ്മനിരതരായി തുടരാൻ ആഗ്രഹിക്കുന്നവർ ധാരാളമാണ്. പുറംനാടുകളിൽ നിന്നും ആർജിച്ച സമ്പാദ്യവും, സാങ്കേതിക വിജ്ഞാനവും, തൊഴിൽ നൈപുണ്യവുമാണ് പുനരധിവാസത്തിനു അവസരം അന്വേഷിക്കുന്നവരുടെ കൈമുതൽ.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഉയർന്ന കൂലി നിരക്കുകളും, വിദഗ്ധ തൊഴിലാളികളുടെ ക്ഷാമവും അനുഭവപ്പെടുന്ന കേരളത്തിലെ തൊഴിൽ സേനയിലേക്കുള്ള പുനപ്രവേശനം പലർക്കും അസാധ്യമല്ല.

ഉദാഹരണത്തിനു നിർമ്മാണരംഗത്തെ വിദഗ്ധ–അവിദഗ്ധ തൊഴിലാളികൾക്ക് പണി കണ്ടെത്തുക ശ്രമകരമല്ല. എന്നാൽ എല്ലാ തൊഴിൽ തുറകളിലേയും സ്ഥിതി ഇതല്ല. നാട്ടിൽ ലഭ്യമായ തൊഴിലുകളോട് പൊരുത്തപ്പെടാൻ തയ്യാറാവേണ്ടി വരും. കൃഷി അനുബന്ധ മേഖലകൾ, വ്യവസായം, സേവനം തുടങ്ങി ഏതുമേഖല എടുത്താലും ഭൂമിയുടെ വിലയും, കെട്ടിടങ്ങളുടെ വാടകയും ബന്ധപ്പെട്ട ചെലവുകളും ഭരണപരവും നിയമപരവുമായ തടസ്സങ്ങളും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് അംഗീകരിച്ചേ മതിയാവൂ.

പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും ഭൂമിയുടെ അമിതമായ വിലയുടെയും, ഉയർന്ന വാടകയുടെയും പ്രശ്നം പരിഹരിക്കുക പ്രധാനമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വ്യവസായ വിവരസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, കാർഷിക സംസ്കരണ പാർക്കുകൾ തുടങ്ങിയവ സഹായിക്കും. വരും വർഷങ്ങളിൽ തദ്ദേശസ്ഥാപനങ്ങളും ഈ രംഗത്തേക്ക് കടന്ന് വരും. ലൈസൻസുകളും, അനുമതികളും ലഭിക്കുന്നതിന് ഇപ്പോൾ സർക്കാർ ഒരു ഏകജാലക സംവിധാനം ഒരുക്കികൊണ്ടിരിക്കുകയാണ്. അനുമതിയ്ക്ക് അപേക്ഷിച്ച് ഒരു നിശ്ചിത തീയതിക്ക് മുമ്പ് തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ അനുമതി നൽകിയതായി കണക്കാക്കുന്ന പരിഷ്കാരമാണ് ഈ രംഗത്ത് വരുന്നത്.

ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണത്തിന്റെയും ആഗോളസാമ്പത്തിക പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ പല പ്രവാസി സംഘടനകളും പുനരധിവാസ പദ്ധതികൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാരിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി സംഘടനകളോട് ഇക്കാര്യത്തിൽ ആശയവിനിമയം നടത്താനും ആവശ്യമായ സഹായങ്ങൾ ചെയ്യുവാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പലിശകുറഞ്ഞ വായ്പകൾ നൽകാൻ ഇപ്പോൾ തന്നെ സംസ്ഥാനത്ത് സംവിധാനം ഉണ്ട്. പ്രവാസി പുനരധിവാസ രംഗത്ത് സഹകരണ പ്രസ്ഥാനത്തിനും പ്രാദേശിക ഗവൺമെന്റുകൾക്കും നല്ല ഇടപെടൽ നടത്താൻ കഴിയും. അത്തരം ചില മാതൃകകൾ രൂപപ്പെട്ട് വരുന്നുണ്ട്. വിജയസാധ്യതയുള്ളവയെ പ്രോത്സാഹിപ്പിക്കാൻ കഴിയണം.

കേരളത്തിൽ നിലനിൽക്കുന്ന സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ പ്രവാസികൾക്ക് പൊതുവെ ആശ്വാസകരമാണ്. പ്രവാസികൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട ക്ഷേമനടപടികളും പിന്തുണയും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രവാസി ക്ഷേമ ബോർഡിനു രൂപം നൽകിയിട്ടുള്ളത്. വെൽഫെയർ ബോർഡിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സ് അംഗങ്ങൾ അടയ്ക്കുന്ന പണമാണ്. വെൽഫെയർ ബോർഡിനു നൽകുന്ന സഹായം ക്രമേണ ഉയർത്താനുള്ള ശ്രമമുണ്ടാകും. അതെന്തായാലും നിലവിലെ ധനസ്രോതസ്സുകളെ മാത്രം ആശ്രയിച്ചുകൊണ്ട് സമൂഹത്തിലെ ദുർബലരായ പ്രവാസികൾക്ക് മതിയായ സംരക്ഷണം നൽകാൻ കഴിയില്ല. പ്രവാസി സമൂഹം മുന്നിട്ടിറങ്ങിയാൽ ഈ പ്രശ്നം നിഷ്പ്രയാസം പരിഹരിക്കാൻ കഴിയും. സാമ്പത്തികശേഷിയുള്ള പ്രവാസികളിൽ നിന്നും ഉദാരമായ സംഭവനകൾ സ്വീകരിച്ചുകൊണ്ട് ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പരിഗണിയ്ക്കാവുന്നതാണ്. ക്ഷേമനിധിയിലെ പണം പൂർണ്ണമായി പ്രവാസിക്ഷേമ ത്തിനുവേണ്ടി ഉപയോഗിക്കും എന്ന് ഉറപ്പു നൽകാൻ കഴിയും.

പ്രവാസികൾ നാട്ടിലേക്ക് എത്തിച്ച വിദേശനാണയത്തിന്റെ അമൂല്യമായ നേട്ടം കരഗതമായത് രാജ്യത്തിന് മൊത്തത്തിലാണ്. പക്ഷെ പ്രവാസത്തിന്റെ സാമൂഹ്യചെലവ് ഏതാണ്ട് പൂർണ്ണമായും വഹിക്കുന്നത് സംസ്ഥാനമാണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ കൂടി സഹായം ഉപയോഗപ്പെടുത്തണം.

# IV

# കേരള വികസനവും പ്രവാസവും

കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗത്തെ മാറ്റങ്ങൾക്ക് അടിസ്ഥാനമായിത്തീർന്നത് ഭൂപരിഷ്കരണമാണ്. 1957 ലെ ഒന്നാമത്തെ മന്ത്രിസഭയുടെ കാലത്ത് ഇതോടൊപ്പം ഉണ്ടായ നിരവധി പരിഷ്കാരങ്ങൾ കേരളീയ ജനതയുടെ പിൽക്കാല ജീവിതത്തെ തിരുത്തിയെഴുതുന്നതിന് പര്യാപ്തമായിത്തീർന്നു. സൗജന്യ വിദ്യാഭ്യാസത്തിനും ആരോഗ്യ രംഗം സാർവ്വത്രികമാക്കുന്നതിനും നടത്തിയ പരിശ്രമങ്ങൾ അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിതത്തെ മുന്നോട്ടുനയിച്ചു. സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച സമീപനങ്ങളും പുതിയ മുന്നേറ്റത്തിന് ഇടയാക്കി.

കേരളീയ ജീവിതത്തിലുണ്ടായ ഈ മാറ്റം വിദ്യാസമ്പന്നരും ആരോഗ്യമുള്ളവരുമായ ഒരു ജനതയെ രൂപപ്പെടുത്തുന്നതിന് ഇടയാക്കി. മറ്റു രാജ്യങ്ങളിലെ തൊഴിൽ കമ്പോളങ്ങളിൽ നേട്ടം കൊയ്യുന്നതിന് ഇത്തരത്തിലുള്ള സ്ഥിതിവിശേഷം ശക്തി പകർന്നു. എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുന്ന കേരളത്തിലെ ജനതയുടെ ജനാധിപത്യപരവും മതനിരപേക്ഷവുമായ ജീവിതശൈലിയും പ്രവാസികളെന്ന നിലയിലുള്ള കേരളീയരുടെ മുന്നേറ്റത്തിന് സാഹചര്യമൊരുക്കി.

**പ്രവാസത്തിന്റെ പ്രത്യാഘാതം കേരളത്തിൽ**

കേരളത്തിന്റെ ഈ സവിശേഷ സാമൂഹ്യ സാഹചര്യം സൃഷ്ടിച്ച സാധ്യതകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്ന് നിരവധി പേർ പുറത്ത് ജോലി ചെയ്യുന്ന സ്ഥിതിയുണ്ടാക്കി. അതായത് കേരളത്തിന്റെ സവിശേഷമായ സാമൂഹ്യ അവസ്ഥയാണ് പ്രവാസത്തിന് അടിസ്ഥാനമായിത്തീർന്നത്. ഇതിന്റെ ഫലമായി പ്രവാസികളുടെ പണം നമ്മുടെ സമ്പദ്ഘടനയുടെ വികസനത്തിന് അടിസ്ഥാനമായിത്തീർന്നു. പ്രവാസികളിൽ നിന്നും കേരളത്തിൽ എത്തുന്ന പണം കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 36 ശതമാനത്തോളം വരുമെന്നാണ് കണക്ക്. വരുമാനത്തിന്റെ മൂന്നിലൊന്നിലധികം പുറംകേരളത്തിന്റെ സംഭാവനയാണ് എന്നത് ഏറെ പ്രസക്തമായ ഒന്നാണ്.

പ്രവാസികൾ കേരളത്തിന്റെ തൊഴിൽ മേഖലയിലും സമൂഹ്യ സാമ്പത്തിക ജീവിതത്തിലും സ്വാധീനം ചെലുത്തുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തും പ്രവാസികൾ ചെലുത്തുന്ന സ്വാധീനം വലുതാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയ കേരളീയ സമൂഹത്തിന്റെ നല്ലൊരു ശതമാനവും കേരളത്തിനു പുറത്താണ് ജോലി ചെയ്യുന്നത്. വിദേശരാജ്യങ്ങളിലെ തൊഴിൽ രംഗത്തുള്ളവരുടെ സാമ്പത്തികനേട്ടവും തൊഴിൽ നൈപുണ്യവും കേരളത്തിന്റെ വികസനത്തിനു വലിയൊരു മൂലധനമാണ്.

പ്രവാസികളുടെ പണം ഏറ്റവും വലിയ നേട്ടം ഉണ്ടാക്കിയത് ബാങ്കിങ്, ഇൻഷുറൻസ്, വ്യാപാരം, വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനത്തുറകളാണ്. പുറംവരുമാനം സേവനങ്ങൾക്കുള്ള ഡിമാന്റ്

വർധിപ്പിക്കുകയും അത് നാട്ടിലെ ഉത്പാദനം വർധിപ്പിക്കുകയുമാണ് ഉണ്ടായത്. വിവിധ സേവനങ്ങൾക്കുള്ള ഡിമാന്റ് ഉയർന്നതുപോലെ കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റും പ്രവാസിപ്പണത്തിന്റെ പ്രഭാവത്തിൽ വൻതോതിൽ ഉയർന്നു. എന്നാൽ മാർക്കറ്റിൽ ഉണ്ടായ ഈ വികാസം ഉത്പാദന വർദ്ധനവായി മാറിയില്ല. ഇതിന്റെ നേട്ടം നേടിയെടുത്തത് മറ്റ് സംസ്ഥാനങ്ങളാണ്.

എന്നാൽ കുടിയേറ്റവും പുറംവരുമാനത്തിന്റെ വരവും കൃഷിയിലും, വ്യവസായത്തിലും പൊതുവെ സൃഷ്ടിച്ച ഈ വിപരീത ആഘാതം സേവനത്തുറകളെ ബാധിച്ചില്ല; മറിച്ച് ഉത്തേജിപ്പിക്കുകയാണ് ചെയ്തത്. ചുരുക്കത്തിൽ കേരള സമ്പദ്ഘടനയുടെ മേൽ പ്രവാസം വരുത്തിയ മാറ്റം തൊലിപ്പുറമേയുള്ളതായിരുന്നില്ല, മറിച്ച് അസ്ഥിവാരത്തോളം എത്തുന്നതും അതിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കാൻ പോന്നതും ആയിരുന്നു.

പ്രവാസം കേരള സംസ്കാരത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. കേരളീയരുടെ ഭക്ഷണരീതി, വസ്ത്രധാരണം, ഫാഷൻ, ആഭരണങ്ങൾ, വീടുകൾ, വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, കുടുംബബന്ധങ്ങൾ, സാഹിത്യം, സിനിമ എന്നു വേണ്ട ജീവിതത്തിന്റെ എല്ലാ തലങ്ങളെയും പ്രവാസം സ്വാധീനിക്കുന്നുണ്ട്.

**പ്രവാസവും സാധ്യതകളുടെ പുതിയ ചക്രവാളവും**

കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള അറിവിന്റെയും, സാങ്കേതിക ജ്ഞാനത്തിന്റെയും നൈപുണ്യങ്ങളുടേയും, അഭിരുചികളുടെയും, സാധനങ്ങളുടെയും, സേവനങ്ങളുടെയും മൂലധനത്തിന്റെയും ഒഴുക്കിന്റെ വാതായനവും മാദ്ധ്യമവുമായി പ്രവാസിസമൂഹം പ്രവർത്തിക്കുന്നുണ്ട്. പ്രവാസിസമൂഹം സ്വദേശത്തുനിന്നുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും കയറ്റുമതിക്ക് അരങ്ങൊരുക്കും എന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കേരളത്തിന്റെ അനുഭവം സൂക്ഷ്മമായി പരിശോധിച്ചാൽ ഇത് വളരെ ശരിയാണെന്നു ബോദ്ധ്യപ്പെടും.

പ്രവാസി സമൂഹം കേരളത്തിൽ നിന്നുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും വിദേശത്ത് വളരെ ചലനാത്മകമായ വിപണി സൃഷ്ടിച്ചെടുത്തിട്ടുണ്ട്. പ്രവാസിസമൂഹങ്ങൾ കേരളത്തിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും അവസരം ഒരുക്കുന്നു എന്നതും ശ്രദ്ധേയമാണ്. പുതിയ തലമുറയ്ക്കു അന്തർദേശീയ തൊഴിൽ വിപണിയിലേക്ക് എത്തിപ്പെടാനുള്ള കൈത്താങ്ങായും പ്രവാസിസമൂഹം പ്രവർത്തിക്കുന്നു.

ഈ ചിത്രത്തിന്റെ മറുവശം എന്ന നിലയ്ക്കു, വിശ്വപരപ്പിൽ പ്രത്യക്ഷപ്പെടുന്ന പുതിയ അറിവുകളേയും, ആശയങ്ങളേയും, സാങ്കേതിക വിദ്യകളേയും, സാധനങ്ങളേയും, സേവനങ്ങളേയും, മൂലധനത്തേയും നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള മാദ്ധ്യമം എന്ന നിലയ്ക്കും പ്രവാസി സമൂഹം പ്രവർത്തിക്കുന്നുണ്ട്. സാധ്യതകളുടെ ഈ പുതിയ ചക്രവാളത്തെ കണ്ണ് തുറന്ന് കാണാനും ഉൾക്കൊള്ളാനും നാം തയ്യാറാവണം.

കേരളത്തിന്റെ എന്നല്ല ഇന്ത്യയുടെ തന്നെ കയറ്റുമതി വ്യാപാരത്തെ പ്രവാസിസമൂഹം വലിയ അളവിൽ സ്വാധീനിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. മദ്ധ്യപൂർവ്വ പ്രദേശത്തേക്കുള്ള കുടിയേറ്റത്തിനു മുൻപ് പ്രദേശത്തെ രാജ്യങ്ങൾക്ക് ഇന്ത്യയുടെ വ്യാപാര ഭൂപടത്തിൽ ചെറിയ സ്ഥാനമേ

ഉണ്ടായിരുന്നുള്ളു. പിന്നീട് ഇന്ത്യയുടെ മുൻനിര വ്യാപാരപങ്കാളിയായി ഈ രാജ്യങ്ങൾ മാറി. ഇന്ത്യക്കാരുടെ സാംസ്കാരിക സവിശേഷതകളും രുചിഭേദങ്ങളുമാണ് ഇന്ത്യയിൽ/കേരളത്തിൽ നിന്നുള്ള കയറ്റുമതിയേയും അതുവഴി ഉത്പാദനഘടനകളെയും ഉത്തേജിപ്പിക്കുന്നത്. പ്രവാസം കയറ്റുമതിയെ മാത്രമല്ല തിരിച്ച് ഇറക്കുമതിയേയും പ്രവാസികളല്ലാത്തവരുടെ അഭിരുചികളെയും ഉപഭോഗശീലങ്ങളെയും ഗണ്യമായി സ്വാധീനിക്കുന്നുണ്ട് എന്നതും കാണണം.

പ്രവാസി സമൂഹങ്ങൾ കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് മാത്രമല്ല സേവനങ്ങൾക്കും കലാ സാംസ്കാരിക ഉൽപ്പന്നങ്ങൾക്കും വളരുന്ന വിപണി പ്രദാനം ചെയ്യുന്നു എന്നത് അകംകേരളത്തിന് ഇപ്പോൾ തന്നെ അറിയാം. ഈ വിപണി ഇപ്പോൾ കേരളത്തിലെ സാംസ്കാരിക പ്രവർത്തനത്തിനും കലാകാരന്മാർക്കും നൽകുന്ന അവസരങ്ങളുടെ മൂല്യം അളവറ്റതാണ്.

**നാട്ടിൽ പ്രവാസത്തിന്റെ പ്രത്യാഘാതം**

പഴയ കാലത്തെ പ്രവാസത്തെ അടയാളപ്പെടുത്തിയിരുന്നത് അകലം, ഒറ്റപ്പെടൽ, വിരഹം, ഗൃഹാതുരത്വം തുടങ്ങിയ കാര്യങ്ങൾ ആയിരുന്നു. പ്രവാസ ജീവിതവും നാട്ടിലെ ജീവിതവും തമ്മിലുള്ള അകലം എല്ലാ അർത്ഥത്തിലും അന്ന് വളരെ വലുതായിരുന്നു. എന്നാൽ ഇന്ന് ശാസ്ത്ര സാങ്കേതിക വിപ്ലവത്തിന്റെ ഫലമായി അകലം അപ്രസക്തമായിക്കൊണ്ടിരിക്കുകയാണ്.

**മലയാളി മൂലധനത്തിന്റെ വളർച്ച**

പ്രവാസി നിക്ഷേപം, കേരളത്തിന്റെ മുതലാളിത്ത വളർച്ചയുടെ, വിശേഷിച്ചും മൂലധന ഗ്രൂപ്പുകളുടെ വളർച്ചയുടെ സമകാലിക ചരിത്രത്തിലെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് ആരും അർഹിക്കുന്ന ഗൗരവത്തോടെ പഠിച്ചിട്ടുള്ളതായി കാണുന്നില്ല. കേരളത്തിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെക്കാളും വ്യക്തികളെക്കാളും സമ്പന്നരായി പ്രവാസി വിഭാഗം മാറുകയുണ്ടായി. എന്നാൽ മറുനാട്ടിൽ ഉയർന്നു വളർന്നതും, നാട്ടിൽ തുടങ്ങി മറുനാടുകളിലേക്കു പടർന്നു പന്തലിക്കുന്നതുമായ നിരവധി പുതിയ ഗ്രൂപ്പുകൾ ഉണ്ടുതാനും.

അതെന്തായാലും വളർന്നുവരുന്ന മലയാളി മൂലധനത്തിന് പുറംകേരളവുമായി ഇഴപിരിച്ചെടുക്കാനാവാത്ത ബന്ധമാണുള്ളത്. ലോകത്തെ അതിസമ്പന്നരുടെ പട്ടിക തയ്യാറാക്കുന്ന ഫോർബ്സ് മാസികയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഈ വസ്തുത കൂടുതൽ വ്യക്തമാകുന്നതാണ്. ഫോർബ്സ് മാസികയുടെ അതിസമ്പന്നരായ ഇന്ത്യക്കാരുടെ പട്ടികയിൽ ഇടം നേടിയിട്ടുള്ള അനേകം മലയാളികളുണ്ട്. അവരെല്ലാംതന്നെ പുറംകേരളത്തിൽ നിന്നു ഊർജ്ജമുൾക്കൊണ്ട് വളർന്നവരാണ്. ലോകത്തിലെ മൂലധനം പരിശോധിച്ചാൽ കേരളത്തിലെ സംരംഭകരുടെ പണവും സ്വാധീനവും വർദ്ധിച്ചുവരുന്നതായി കാണാം. ലോകത്തിലെ സമ്പന്നർക്കിടയിൽ ആയിരത്തിൽ 2 പേരും രണ്ടായിരത്തിനുള്ളിൽ 5 പേരും മലയാളികളായിട്ടുണ്ടെന്ന് ഫോർബസ് മാസികയുടെ കണക്കിൽ പറയുന്നുണ്ട്. ഇത് കാണിക്കുന്നത്. മലയാളികളുടെ മൂലധനം വളർന്നുവരുന്നുണ്ട് എന്നതാണ്. കേരളത്തിനകത്തും പുറത്തുമുള്ള വാണിജ്യ പദ്ധതികളിലൂടെയാണ് ഇത് സമാഹരിച്ചിട്ടുള്ളത്.

ഈ മൂലധനം ഇന്നു കേരളീയ ജീവിതത്തിന്റെ സകല തുറകളെയും നിർണ്ണായകമാംവിധം സ്വാധീനിക്കാൻ പാകത്തിൽ വളർന്നിരിക്കുന്നു. വ്യാപാരം, വാണിജ്യം, വ്യവസായം, ബാങ്കിംഗ്, നിർമ്മാണം, റിയൽ എസ്റ്റേറ്റ്, ആരോഗ്യം,

വിദ്യാഭ്യാസം, ടൂറിസം, മാധ്യമങ്ങൾ, സിനിമ തുടങ്ങിയ രംഗങ്ങളിൽ വർധിച്ചുവരുന്ന ഈ സ്വാധീനം പ്രകടമാണ്.

കേരളത്തിലെ പ്രവാസികളുടെ പൊതുചിത്രം പരിശോധിച്ചാൽ അതി സമ്പന്ന രായിത്തീർന്ന ഒരു വിഭാഗമുണ്ടെന്ന് കാണാം. വലിയ തോതിലുള്ള സംരംഭകത്വം നട ത്താനും അതിൽ വലിയ തോതിലുള്ള നിക്ഷേപങ്ങൾ നടത്താനും ശേഷിയുള്ള വിഭാഗമാണ് ഇത്തരക്കാർ. വൻതോതിൽ വിദ്യാഭ്യാസം സിദ്ധിക്കുകയും അതുപയോ ഗിച്ച് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വ്യാപിച്ച് വിവിധ മേഖലകളിൽ വിദഗ്ധരാ യവരും ഇവരിലേറെയുണ്ട്. അവരുടെ സാങ്കേതിക പരിജ്ഞാനവും അറിവും നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ വികാസത്തിന് എങ്ങനെ പ്രയോജനപ്പെടു ത്താനാവും എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. പ്രവാസികളായിത്തീരുകയും ചെറു കിട നിക്ഷേപങ്ങൾ നടത്താൻ ശേഷിയുള്ളവരും വിവിധ മേഖലകളിൽ ജോലി ചെയ്യാൻ പ്രാപ്തരാവുകയും ചെയ്ത വിഭാഗവും ഇതിലുണ്ട്. കുടിയേറ്റത്തിന്റെ ഭാഗ മായി എത്തിപ്പെടുകയും എന്നാൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിന് പാടുപെടുകയും ചെയ്യുന്നവരും ഏറെയുണ്ട്. ഇത്തരത്തിൽ വൈവിധ്യപൂർണ്ണമായി നിൽക്കുന്ന പ്രവാസികളുടെ കഴിവും സാധ്യതയും നമ്മുടെ വികസന പ്രവർത്തന ങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താനാവും എന്ന കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാ നാവണം. പിറന്ന നാടിന്റെ വികസന കാര്യങ്ങളിൽ എത്രത്തോളം പ്രവാസികളുടെ കഴിവുകളെ ഉപയോഗപ്പെടുത്താനാവും എന്ന കാര്യവും ഈ സമ്മേളനത്തിലെ സുപ്രധാനമായ ചർച്ചയായി വികസിപ്പിക്കേണ്ടതുണ്ട്.

## V

## സമഗ്രവികസനത്തിനായുള്ള നൂതന ഇടപടലുകൾ

ലോക കേരളസഭയുടെ ഒരു പ്രധാന ഉദ്ദേശം, മേൽ വിവരിച്ചതുപോലെ, പ്രവാ സികളെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ പ്രധാന പങ്കാളികളും ചാലക ശക്തികളുമായി മാറ്റുക എന്നതാണ്. കേരളത്തിൽ ജനിച്ചുവളർന്നവർക്ക് ഇവിടെ തൊഴിൽ ചെയ്ത് വളരുന്നതിനുള്ള സാഹര്യം സൃഷിടിക്കുന്നതിനാണ് സർക്കാർ ഇട പെടുന്നത്. അതിന് വിവിധ മേഖലകളിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന തിനാണ് സർക്കാർ ശ്രമിക്കുന്നത്.

ഐടി, ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക വ്യവസായ മേഖലകളിലും അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് അഞ്ച് വർഷം കൊണ്ട് പത്ത് ലക്ഷം തൊഴിലവസരം സൃഷ്ടിക്കണം എന്നാണ് സർക്കാർ ഉദ്ദേശി ക്കുന്നത്. കൃഷി, കെട്ടിട നിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലായി 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും സർക്കാർ ഉദ്ദേശിക്കുന്നതാണ്. ആധുനിക തുറകളിലെ ജോലിക്ക് പത്ത് ലക്ഷം പേർക്ക് സ്കിൽ ഡെവലപ്പ്മെന്റ് കരിയർഗൈഡൻസ് വഴി പരിശീലനം നൽകാനും സർക്കാർ ഉദ്ദേശി ക്കുന്നു. പുതിയ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐടി പാർക്കുക ളുടെ വികാസത്തിനും സർക്കാർ ലക്ഷ്യംവയ്ക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കി ആ രംഗത്ത് 4 ലക്ഷം പേർക്ക് തൊഴിൽ നൽകാനുമാണ് സർക്കാർ ഉദ്ദേ ശിക്കുന്നത്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാർഷിക രംഗത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൃഷ്ടിക്കാനും ഉള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യം വച്ചിട്ടുള്ളത്.

ഇത്തരം പദ്ധതികളെക്കൂടി സഹായിക്കുന്ന രീതിയിൽ പ്രവാസികൾക്ക് ഏതൊക്കെ തരത്തിൽ ഇടപെടാനാവും എന്നതും ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്. പ്രവാസത്തിലൂടെ ലഭ്യമായിട്ടുള്ള അധിക ധനവിഭവങ്ങളും അവയുടെ ഫലപ്രദമായ വിന്യാസവും പ്രധാനമാണെങ്കിലും അതിലുപരി പ്രവാസികളുടെ അനുഭവപരിചയം, വൈദഗ്ധ്യം എന്നിവ സംസ്ഥാന വികസനത്തിന് ഏതുരീതിയിൽ ഉപയോഗിക്കാം എന്നതിന് ഊന്നൽ നൽകുന്നതാകും ഈ ഘട്ടത്തിൽ പ്രായോഗികമാവുക.

ഇവിടെ എടുത്തുപറയേണ്ട കാര്യം പ്രവാസികളുടെ വൈജാത്യമാണ്. വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന പ്രവാസികളുണ്ട്. വാണിജ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്. വിദേശ സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നവരുമുണ്ട്. വിദേശ ആശുപത്രികളിൽ പ്രവർത്തിക്കുന്ന വിദഗ്ധ ഡോക്ടർമാരും നേഴ്സിംഗ്, സാങ്കേതിക വിദഗ്ധരുമുണ്ട്. മാനേജ്മെന്റ് മേഖലയിലും കൺസൺട്ടൻസി മേഖലയിലും അടിസ്ഥാന സൗകര്യമേഖലയിലും നിർമ്മാണ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചവരുമുണ്ട്. ഇവരുടെ അറിവും അനുഭവപരിചയവും ഫലപ്രദമായി കേരളത്തിൽ എങ്ങനെ ഉപയോഗിക്കാം എന്ന് പരിശോധിക്കേണ്ടതുണ്ട്.

### നടത്തിയ ചില ഇടപെടലുകൾ

വിവര സാങ്കേതികവിദ്യ, വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ എന്നീ മേഖലയിൽ കേരളത്തിൽ നിന്ന് നേട്ടങ്ങൾ കൈവരിച്ച പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഹൈപവർ ഐടി കമ്മറ്റിയും ഒരു ഡിജിറ്റൽ അഡ്വൈസറി ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മറ്റികളും കേരളത്തിൽ ഈ മേഖലയിൽ ഇതുവരെ നടന്നിട്ടുള്ള കാര്യങ്ങളും കേരളത്തിന്റെ സാധ്യതകളും വിലയിരുത്തുകയും ആഗോളതലത്തിൽ തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ പ്രമുഖ സ്ഥാനങ്ങൾ വഹിക്കുന്ന മലയാളികളുടെ ഒരു യോഗം വിളിച്ചുചേർത്ത് പുതിയ സാങ്കേതിക വിദ്യകൾ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും വിധം വിന്യസിക്കുന്നതിനും അതനുസരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇത്തരത്തിലുള്ള സമീപനം മറ്റുചില മേഖലകളിൽ കൂടിയെങ്കിലും കൈക്കൊള്ളാനാകും.

### ചില സാധ്യതകൾ

സമാനമായ സാധ്യതയുള്ള ഒരു മേഖലയാണ് വിദേശ സർവ്വകലാശാലകളിലും വൈജ്ഞാനിക മേഖലയിലും പ്രവർത്തിക്കുന്ന മലയാളികളുടെ ഗവേഷണ ബോധന സംവിധാനങ്ങൾ കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും കൂടി പ്രയോജനപ്പെടുത്തുക എന്ന ഇടപെടൽ. വിസിറ്റിംഗ് ഫാക്കൽറ്റിയായോ ഓൺലൈൻ കോഴ്സുകളായോ ഇവരുടെ സഹായത്തോടെ നൈപുണ്യ വികസനത്തിനും വിജ്ഞാനവിനിമയത്തിനും സംവിധാനങ്ങളൊരുക്കാനാവും. സംസ്ഥാനത്തിന്റെ വരും തലമുറയെ ഇത്തരത്തിൽ കാലികമായ അറിവും പ്രാവീണ്യവും നേടുന്നവരാക്കി മാറ്റാൻ ഇത്തരം ഇടപെടലുകൾക്ക് കഴിയും. ഇത് എങ്ങനെ സാധ്യമാക്കാം എന്ന് സമ്മേളനത്തിൽ വിലയിരുത്തണം.

വിദേശത്ത് വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവർ ആ നാട്ടിലുള്ളവർക്ക് തൊഴിൽ നൽകേണ്ടതുണ്ട്. എന്നാൽ ചില മേഖലകളില്ലെങ്കിലും വിദഗ്ധരായ

പ്രവാസികളെ നിയോഗിക്കാൻ കഴിഞ്ഞേക്കും. ഇത്തരം മേഖലകൾ കണ്ടെത്തി അതി നാവശ്യമായ നൈപുണ്യ വികസനം ഉറപ്പാക്കാനുള്ള ഇടപെടലുകൾ പരിശോധിക്കേ ണ്ടതുണ്ട്. അതോടൊപ്പം ഇവർ പ്രവർത്തിക്കുന്ന മേഖലകളിൽ കേരളത്തിലുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങളുമായി കൈകോർത്ത് പ്രവർത്തിക്കാനാകുന്ന സാഹചര്യവും ഉപയോഗപ്പെടുത്തണം. ചില മേഖലകളിലെങ്കിലും അറിവും അനുഭ വജ്ഞാനവുമുള്ള പ്രൊഫഷണലുകളെ കേരളത്തിലെ സ്ഥാപനങ്ങളിലെ ഹ്രസ്വകാല കരാറുകളിൽ വ്യക്തമായ മേഖലകളിൽ ലഭ്യമാക്കാൻ കഴിയുമോ എന്നും പരിശോധി ക്കാവുന്നതാണ്.

പശ്ചാത്തല മേഖലയിലും അടിസ്ഥാന സൗകര്യവികസന മേഖലയിലും (ഉദാ ഹരണം: റോഡുകൾ, ഏയർപോർട്ടുകൾ, ദേശീയ ജലപാത, വാർത്താവിനിമയ സംവിധാനങ്ങൾ) വലിയ തോതിലുള്ള നിക്ഷേപങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഇത് സ്വാഭാവികമായും പൊതുമേഖലയിലായിരിക്കും. സർക്കാർ ധനസമാഹരണം നടത്തുന്നത് പരമ്പരാഗത രീതിയിലുമാണ്. ഇവിടെ പ്രവാസികളുടെ നിക്ഷേപം അവർക്ക് മാന്യമായ ലാഭവിഹിതം ഉറപ്പാക്കിക്കൊണ്ട് ക്രൗഡ് ഫണ്ടിംഗ് മാതൃകയിൽ സമാഹരിക്കുന്ന കാര്യം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് പരിശോധിക്കേണ്ടതു ണ്ട്. ഇങ്ങനെ പുതിയ സാധ്യതകളും പുതിയ സാങ്കേതിക വിദ്യകളും ക്രിയാത്മക മായി പ്രയോഗപഥത്തിലേക്ക് എത്തിക്കാനാണ് ഊന്നൽ നൽകേണ്ടത്.

സർക്കാർ പ്രധാനമായും നാല് മേഖലകളിൽ വികസന മിഷനുകൾ ആരംഭിച്ചി ട്ടുണ്ട്. ഹരിതകേരളം മിഷൻ ജലസമ്പത്ത് സംരക്ഷിക്കുകയും ഫലപ്രദമായി ഉപയോ ഗിക്കുകയും ചെയ്യാൻ ലക്ഷ്യമിടുന്നു. ഇവിടെ വികേന്ദ്രീകൃത ജലശുദ്ധീകരണ/ ശുചീകരണ സങ്കേതങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം ജലസ്രോതസ്സുകളുടെ സംര ക്ഷണവും ജലഗുണലഭ്യതയും ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരം സംവിധാനങ്ങളുടെ ഗുണഭോക്താക്കളാണല്ലോ വികസിത രാജ്യങ്ങളിലെ പ്രവാസികൾ. ചിലരെങ്കിലും ഈ മേഖലയിൽ തന്നെ പ്രവർത്തിക്കുന്നവരുമാകും. ഇത്തരം അറിവും അനുഭവ ജ്ഞാനവും എങ്ങനെ കേരളത്തിന് ഉപയോഗപ്പെടുത്താം എന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കപ്പെടുമെന്ന് കരുതുന്നു. ശുചിത്വ മാലിന്യ സംസ്കരണവും ഹരിത കേരളമിഷൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണങ്ങളുടെ വികല മായ നടത്തിപ്പ് കേരളത്തിൽ പൊതുവിൽ ഇത്തരം സംവിധാനങ്ങളോടുള്ള അവിശ്വാ സത്തിന് കാരണമായിട്ടുണ്ട്. പക്ഷെ വികസിത രാജ്യങ്ങളിലെ പ്രവാസികൾ ഈ മേഖലയിൽ അവിടുങ്ങളിൽ ഫലപ്രദമായി നടപ്പാക്കുന്ന സംവിധാനങ്ങളുമായി പരി ചിതരാണ്. അത്തരം സംവിധാനങ്ങളുടെ പ്രസക്തിയെക്കുറിച്ച് നാട്ടിൽ അവബോധം സൃഷ്ടിടിക്കാനും, സാങ്കേതിക സഹകരണത്തിനുള്ള സാധ്യതകൾ ഒരുക്കാനും ഇട പെടലുകൾ ആവശ്യമാണ്. വിഷരഹിതമായതും സ്ഥായിയായതുമായ കാർഷി കോൽപ്പാദന പ്രവർത്തനങ്ങളും അവയുടെ മൂല്യവർദ്ധനയും ഹരിതകേരളമിഷന്റെ മറ്റൊരു ലക്ഷ്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികൾക്ക് ഇക്കാര്യ ത്തിൽ പ്രൊഫഷണൽ പിന്തുണാ സംവിധാനങ്ങൾ ലഭ്യമാക്കാനാവും. തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി നടത്താൻ തയ്യാറായി വരുന്ന സ്വയം സഹായ സംഘ ങ്ങൾക്ക് വലിയ ഉത്തേജനമാകും, ഇതിനായി വേണ്ടിവരുന്ന മുതൽ മുടക്ക് പ്രവാസി കൾക്ക് തന്നെ ചെയ്യാൻ കഴിഞ്ഞാൽ ഇത്തരം മുതൽ മുടക്കിന്റെ സുരക്ഷിതത്വവും ന്യായമായ ലാഭവിഹിതവും ഉറപ്പാക്കാൻ ആവശ്യമായ രീതിയിൽ പദ്ധതികൾ തയ്യാ റാക്കാനാവണം.

ആരോഗ്യ മേഖലയിൽ കുടുംബ ഡോക്ടർ സംവിധാനം തിരികെ കൊണ്ടുവരുന്നത് മുതൽ വൃദ്ധജനപരിപാലനം വരെയുള്ള വിപുലമായ ഇടപെടലാണ് ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത്. ഇവിടെയും ആശുപത്രികളിലും രോഗനിർണ്ണയ ഉപകരണങ്ങളിലും വേണ്ട മുതൽ മുടക്ക് പ്രവാസികൾക്ക് ചെയ്യാൻ കഴിയും. സർക്കാർ ഒറ്റത്തവണ മുതൽ മുടക്കുന്നതിന് പരിമിതികൾ നേരിടുമ്പോൾ ഇവിടെ പ്രവാസികൾ മുതൽമുടക്കിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതോടൊപ്പം ന്യായമായ റിട്ടേൺ ഉറപ്പാക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സ്കൂളുകളുടെ കാലികമായ നവീകരണവും സാങ്കേതികവിദ്യയുടെ സഹായത്തോടെ ബോധന സംവിധാനങ്ങൾ പുനരാവിഷ്കരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇവിടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികൾക്കും വിദേശ രാജ്യങ്ങളിൽ പ്രവാസികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുമായി ബന്ധമുള്ളവർക്കും വലിയ രീതിയിലുള്ള സംഭാവനകൾ ചെയ്യാൻ കഴിയും. പഠന സംവിധാനങ്ങളുടെ ഉള്ളടക്കം മുതൽ പിന്തുണാ സംവിധാനങ്ങൾ വരെയും കാലികമായ പ്രസക്തി ഉറപ്പാക്കാൻ ഇത്തരം വിദഗ്ധ നിർദ്ദേശങ്ങളും സഹകരണവും ഉതകും. ആരോഗ്യരംഗത്തെ പോലെ ഇവിടെയും മുതൽ മുടക്കിന്റെ സാധ്യതകളും പരിഗണിക്കപ്പെടേണ്ടതുണ്ട്.

എറ്റവും ശ്രദ്ധേയവും വെല്ലുവിളികൾ ഉയർത്തുന്നതുമായ ഒരു മിഷനാണ് ലൈഫ് മിഷൻ. കേരളത്തിൽ സ്വന്തമായി വീടില്ലാത്ത 5.75 ലക്ഷം കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ ചിലരെങ്കിലും പ്രവാസത്തിന്റെ സാധ്യതകൾ തേടി കിടപ്പാടം പോലും വിറ്റവരാണ്. അടുത്ത മൂന്ന് വർഷം കൊണ്ട് ഇവർക്ക് സുരക്ഷിതമായ ഭവനവും സാമൂഹ്യ പിന്തുണാ സംവിധാനങ്ങളും ജീവനോപാധിയും ഉറപ്പാക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ, പ്രീഫാബ്റിക്കേറ്റഡ് ഭവനസമുച്ചയങ്ങളുടെ നിർമ്മാണ രീതികൾ എന്നിവ ഉപയോഗിച്ച് കേരളത്തിന്റെ ഭവന നിർമ്മാണ രംഗത്ത് തന്നെ ഘടനാപരമായ മാറ്റങ്ങൾക്ക് വഴിതെളിയിക്കുന്ന രീതിയിലാണ് ലൈഫ് മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ മുതൽ മുടക്കും പ്രൊഫഷണൽ പിന്തുണാ സംവിധാനങ്ങൾ മുതൽ നിർമ്മാണ സാങ്കേതിക രംഗത്തെ നിക്ഷേപങ്ങൾ വരെ പ്രവാസികൾക്ക് പങ്കാളികളാകുന്നതിനുള്ള വലിയ സാധ്യതകൾ തുറന്നു നൽകുന്നുണ്ട്.

അടുത്ത കാലത്തുണ്ടായ ഓഖി ചുഴലിക്കാറ്റ് തീരദേശത്ത് വരുത്തിയ നഷ്ടം കേരള സമൂഹം നേരിട്ട എറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായിരുന്നു. തീരദേശത്തിന്റെ സമഗ്ര വികസനത്തിന് സർക്കാർ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികൾക്ക് അവരുടെ അനുഭവജ്ഞാനം പങ്കുവയ്ക്കുന്നത് വഴി കേരളത്തിന്റെ കണ്ണീരൊപ്പാനും തീരമേഖലയുടെ സമഗ്ര വികസനത്തിന് വഴി തെളിക്കാനും കഴിയും.

സർക്കാർ നിശ്ചയമായും മുതൽമുടക്കുമെന്ന് തീരുമാനിച്ചിട്ടുള്ള മേഖലകളാണ് മേൽ പറഞ്ഞവ. ഇവിടെ പ്രവാസി നിക്ഷേപവും വൈദഗ്ധ്യവും ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള കഴിവുള്ള പ്രവാസികൾക്ക് ബന്ധമുള്ള നിർവഹണ ഏജൻസികളുടെ പ്രവർത്തന സാധ്യതയും ഏത് തരത്തിൽ ഉറപ്പാക്കാനാവും എന്ന് പരിശോധിക്കേണ്ടതുണ്ട്. വിദേശ സർക്കാരു

കളുടെ സഹായത്തോടെ ഇത്തരം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാവുമോ എന്നും പരിശോധിക്കേണ്ടതാണ്.

പ്രവാസി നിക്ഷേപകർ കാലാകാലങ്ങളായി ആവർത്തിച്ചുപോന്നിരുന്ന ഒരു പ്രധാന ആവശ്യം അവരുടെ നിക്ഷേപങ്ങൾക്കുള്ള സംരക്ഷണവും സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികളും മറ്റും വേഗത്തിൽ ലഭ്യമാക്കാനാകുന്ന ക്രമീകരണവും ആയിരുന്നു. 'സിയാൽ' മാതൃക ഇത്തരത്തിലുള്ള നിക്ഷേപസുരക്ഷ ഉറപ്പാക്കുന്ന ഒരു സംവിധാനമായി വിലയിരുത്തപ്പെടുന്നു. ഇതിന്റെ കുറച്ചുകൂടി വിപുലമായ മാതൃകയാണ് കണ്ണൂർ എയർപോർട്ടിൽ ദൃശ്യമായത്. ഇത് രണ്ടും സർക്കാർ മുൻകൈ എടുത്ത് ഉണ്ടാക്കിയ മാതൃകകളാണ്. എന്നാൽ ഇത്തരത്തിൽ സമഗ്ര ഇടപെടൽ സാധ്യമാകുമെന്ന് കരുതി രൂപപ്പെടുത്തിയ 'ഇൻകൽ' ഇപ്പോഴും കാര്യമായ ചലനങ്ങൾ ഉണ്ടാക്കുന്ന തരത്തിലേക്ക് വളർന്നിട്ടില്ല. അർത്ഥവത്തായ പ്രവാസ പങ്കാളിത്തം സാധ്യമായ പുതിയ പദ്ധതി നിർവ്വഹണ സംവിധാനങ്ങൾ ഏതൊക്കെ രീതിയിൽ പുനക്രമീകരിക്കാം എന്ന ഒരൊറ്റ മേഖലയിൽ ഇത്രയും വൈദഗ്ധ്യമുള്ള പ്രവാസി പ്രൊഫഷണലുകൾ ഉണ്ടായിട്ടുപോലും ഇതുവരെ മൂർത്തമായ സാധ്യതകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് ഗൗരവമേറിയ കാര്യമാണ്. ഇവിടെ ചൈന പോലുള്ള രാജ്യങ്ങൾ പ്രവാസികളുടെ അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കിയ മാതൃകകൾ പരിശോധിച്ച് കേരളത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിച്ച് സമഗ്രവികസനത്തിന്റെ ഒരു പൊതുരൂപരേഖ തയ്യാറാക്കാനുള്ള പ്രവർത്തനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്.

സർക്കാരിന്റെ വിവര സാങ്കേതിക വിദ്യാ നയവും വ്യവസായ നയവും പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. അനുമതികൾ വേഗത്തിലാക്കാനും തടസ്സങ്ങൾ ഒഴിവാക്കാനും "Ease of doing business" ഉറപ്പാക്കാൻ ആവശ്യമായ നിയമനിർമ്മാണവും നടത്തിയിട്ടുണ്ട്. വികസനത്തിന് തടസ്സമായ വ്യവസ്ഥകൾ മറ്റു ചില നിയമങ്ങളിലുള്ളതും യാഥാർത്ഥ്യ ബോധത്തോടെ ഒഴിവാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വലിയ സാധ്യതകളാണ് ഇപ്പോൾ ഉള്ളത്. പരാതികളും പരിമിതികളും ചൂണ്ടിക്കാണിക്കുന്നത് ഗൗരവത്തിലെടുക്കുന്ന സമീപനമാണ് ഉള്ളത്. ഈ അനുകൂല സാഹചര്യം പരമാവധി ഉപയോഗിക്കേണ്ടതാണ്.

വികസനകാര്യങ്ങളിൽ ഈ സമ്മേളനത്തിൽ നിന്ന് ക്രിയാത്മകമായ നൂതന നിർദ്ദേശങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിനും ഇന്നവേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചെയർമാനും പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷനും ഒഴികെയുള്ള മറ്റെല്ലാ അംഗങ്ങളും പ്രവാസികളാണ് എന്നുള്ളത് എടുത്തുപറയേണ്ടതുണ്ട്. ശക്തമായ ഒരു ഇടപെടലിനുള്ള എല്ലാ സാഹചര്യവും ഒരുക്കിയിട്ടുണ്ട്. ഇനി വേണ്ടത് അർത്ഥവത്തായ പങ്കാളിത്തവും ആത്മാർത്ഥമായ പ്രതിബദ്ധതയുമാണ്. അതിനുള്ള സാധ്യതകൾ കൂടി പരിശോധിക്കേണ്ടതുണ്ട്.

## VI

# ഇടപെടാവുന്ന മറ്റുമേഖലകൾ

മലയാളിയെ യോജിപ്പിച്ചു നിർത്തുന്നത് അവരുടെ ഭാഷയാണ്. അതിനാൽ ഭാഷ പഠിക്കുക എന്നത് നമ്മുടെ സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും ജീവിത അവബോധത്തിന്റെയും സംരക്ഷണത്തിന്റെ ഭാഗമാണ്. അതിനാൽ അത് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയേണ്ടതുണ്ട്. ഭാഷാ പഠനത്തിനായി കുറ്റമറ്റ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുകയും ലോകമെമ്പാടുമുള്ള മലയാളി യുവതലമുറയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. മലയാള സാഹിത്യ കൃതികൾ, സിനിമകൾ, ക്ലാസിക് കലാരൂപങ്ങൾ തുടങ്ങിയവയുടെ ആസ്വാദന കോഴ്സുകൾ, ഭാഷ പരിശീലനക്കുറിപ്പുകൾ തുടങ്ങിയവ ഓൺലൈനായി ലഭിക്കേണ്ടതുണ്ട്. അത്തരം പദ്ധതികളെയും പരിപാടികളെയും ലോകമാസകലം രൂപപ്പെടുത്തുന്നതിന് പ്രവാസി സംഘടകൾക്ക് കഴിയേണ്ടതുണ്ട്. സംസ്ഥാനത്തിന് പുറത്തും ഇത്തരം സംവിധാനങ്ങളെ വികസിപ്പിക്കാനാവണം.

**മാധ്യമങ്ങളുടെ ഉപയോഗം**

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിന്റെ ഭാഗമായി വാർത്താവിനിമയ രംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇന്റർനെറ്റിന്റെ വ്യാപനം മീഡിയ രംഗത്ത് പുതിയ സാധ്യതകൾ തുറന്നുവച്ചിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെ നമ്മുടെ നാടിന്റെ സവിശേഷതകളും വികസന സാധ്യതകളും എല്ലാം പ്രചരിപ്പിക്കുന്ന വിധത്തിൽ ഇടപെടാൻ കഴിയേണ്ടതുണ്ട്. ഒരോ മേഖലയിലെയും മലയാളികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ മനസ്സിലാക്കാനും നാട്ടിലെ ജനങ്ങളും സർക്കാരുമായി ഇത്തരം വിഷയങ്ങൾ കൈമാറ്റം ചെയ്യുന്നതിനും ഈ സംവിധാനങ്ങളെ ഉപയോഗിക്കാനാവണം. ആഗോള റേഡിയോ, യൂട്യൂബ് ചാനൽ, സാമൂഹിക മാധ്യമങ്ങൾ എന്നിവയുടെ അനന്തസാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്താൻ സംഘടിത ശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.

**കലാ-സാംസ്കാര സംരക്ഷണം**

കേരളത്തിന്റെ കലാ സംസ്കാരിക സമ്പന്നത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിലുള്ള കലാരൂപങ്ങളെ ലോകം മുഴുവൻ വിളംബരം ചെയ്യിക്കാനും അതുവഴി കലാകാരന്മാരെ സഹായിക്കാനും കഴിയുന്നതാണ്. അവയ്ക്കായി അവതരണവേദികൾ ഉണ്ടാക്കാനും അതുവഴി വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിയേണ്ടതുണ്ട്. കേരളത്തിന്റെ തനത് വാദ്യകലാരൂപങ്ങൾക്ക് വിദേശ വേദികളിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും നമ്മുടെ പ്രവാസി സമൂഹങ്ങളുടെ സഹായം തേടാവുന്നതാണ്. വിവിധ വിദേശ വിഭാഗങ്ങൾക്കിടയിൽ നാടിനെ കുറിച്ചും അതിന്റെ കലാസാംസ്കാരിക വൈശിഷ്ട്യത്തെക്കുറിച്ചും അറിവ് പകരുവാൻ ഇതിലൂടെ കഴിയും. കൂടാതെ സാംസ്കാരിക വിനിമയ പരിപാടികളിൽ ഉൾപ്പെടുത്തുവാനും സ്പോൺസർഷിപ്പിലൂടെയും, ക്രൗഡ് ഫണ്ടിങ്ങിലൂടെയും ഇവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ശ്രമിക്കാവുന്നതാണ്.

കേരളത്തെക്കുറിച്ചുള്ള വിവരങ്ങളും, ഭാഷയും, സംസ്ക്കാരവും, വേഷവും, ഭക്ഷണക്രമവും, കലാപാരമ്പര്യവും, കേരളീയ ചികിത്സാരീതികളും, കരകൗശലവസ്തുക്കളും, വാസ്തുവിദ്യയുമെല്ലാം ലോകമെമ്പാടുമെത്തിക്കുന്ന

കണ്ണികളായി മാറുവാൻ പ്രവാസികൾക്കു കഴിയുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് സന്നദ്ധരായ വ്യക്തികളെയും, മലയാളി സംഘടനകളെയും അംഗീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്. ഇതിനായി വിശദമായ കർമ്മപദ്ധതികൾ സംസ്കാരിക, വിനോദസഞ്ചാര, നോർക്ക വകുപ്പുകൾക്ക് സംയുക്തമായി ആവിഷ്കരിക്കാനാവും.

**കലാസാഹിത്യ സൃഷ്ടികളുടെ ഡിജിറ്റൽ വിപണനം**

ആധുനിക ലോകത്തിലെ ഏറ്റവും വലിയ വ്യവസായങ്ങളിലൊന്നാണ് ഡിജിറ്റൽ ഡൗൺലോഡ്. സംഗീതം, സിനിമ, ക്ലാസിക് കലാരൂപങ്ങളുടെ വീഡിയോ ചിത്രങ്ങൾ തുടങ്ങിയവ വൻതോതിൽ ഡൗൺലോഡ് ചെയ്യപ്പെടാറുണ്ട്. കേരള കലാമണ്ഡലം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കേരള സർവ്വകലാശാല, കേരള ചലച്ചിത്ര അക്കാദമി, കേരള ഫിലിം ആർക്കൈവ്സ്, കേരള പുരാ രേഖ വകുപ്പ്, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങളും വകുപ്പുകളും കലാസാഹിത്യസാംസ്കാരിക പ്രാധാന്യമേറിയ നിരവധി സർഗ്ഗസൃഷ്ടികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സംഗീത, സാഹിത്യ, സിനിമാ ശേഖരത്തിൽ നിന്നും നിശ്ചിത പ്രതിഫലം ഈടാക്കി ആവശ്യക്കാർക്ക് വിതരണം ചെയ്യുവാനുള്ള ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതുവഴി കേരളത്തിന്റെ സർഗ്ഗാത്മക വ്യവസായവും, സമ്പദ്ഘടനയും പുഷ്ടിപ്പെടുന്നതാണ്. ഇതിനായി സാംസ്കാരിക, ഉന്നത വിദ്യാഭ്യാസ, വിനോദസഞ്ചാര വകുപ്പുകളുടെയും, വിവിധ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഒരു കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്.

**ആരോഗ്യ മേഖലയും മെഡിക്കൽ ടൂറിസവും**

ആരോഗ്യ വിനോദസഞ്ചാരം കേരളത്തിനു വലിയ സാധ്യതയുള്ള മേഖലയാണ്. എന്നാലിതിന് ലഭ്യമായ വിഭവശേഷിയെ ചൂഷണം ചെയ്യാനും കൂടുതൽ വിദേശ ഉപഭോക്താക്കളെ ആകർഷിക്കാനും ബോധപൂർവമായ ശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. ആയുർവേദം പോലുള്ള തനത് ചികിത്സാ സമ്പ്രദായത്തെ ലോകവ്യാപകമായി പ്രചരിപ്പിക്കുന്നതിനും അതിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകമായി വർത്തിക്കാനും ഇവർക്ക് കഴിയും. ഇപ്പോൾ തന്നെ ഏകദേശം അമ്പതോളം രാജ്യങ്ങളിൽ നിന്ന് ആയുർവ്വേദ ചികിത്സ തേടി സഞ്ചാരികൾ കേരളത്തിൽ വരുന്നുണ്ട്. ഒപ്പം ആയുർവ്വേദ വിദഗ്ധന്മാർക്ക് പുറം ലോകത്ത് അവസരം ലഭിക്കുന്നുമുണ്ട്. ഇത്തരം സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താനാവണം.

**ഭക്ഷ്യ വൈവിധ്യം**

കേരളത്തിനു തനതായ ഒരു ഭക്ഷണക്രമം ഉണ്ട്. ഇവയെ മറുനാട്ടുകാർക്ക് പരിചയപ്പെടുത്തുവാനും ഈ ഉൽപ്പന്നങ്ങളും ഇവയുടെ ചേരുവകളും ഉൾപ്പെടുന്ന ഭക്ഷ്യ വ്യവസായ ശൃംഖലയെ ഉണ്ടാക്കാനും കഴിയണം. കേരളത്തിന്റെ തനതു ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡ് പദവി സമ്പാദിക്കാനും ആയതിനെ വ്യാവസായികമായി പ്രയോജനപ്പെടുത്താനും പദ്ധതികൾ ആവശ്യമാണ്. നോർക്ക, വിനോദസഞ്ചാര വകുപ്പുകളുടെ സഹായത്തോടെ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

**കേരളത്തിന്റെ വാസ്തുവിദ്യാ പാരമ്പര്യം**

കേരളീയ വാസ്തുവിദ്യകളെ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാവുന്നതാണ്.

**വിദ്യാഭ്യാസം**

വിദ്യാഭ്യാസ മേഖലയ്ക്ക്, നമ്മുടെ നാടിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുമ്പോൾ തന്നെ വിദേശ രാജ്യങ്ങളിലെ സാധ്യതകളെക്കൂടി കണക്കിലെടുത്തുകൊണ്ട് മുന്നോട്ടുപോകാനാവണം. അതിനുതകുന്ന പദ്ധതികൾ ഈ രംഗത്ത് ആവിഷ്കരിക്കാനാവണം. ഉന്നത ഗുണനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളായി ഇവ മാറിയാൽ വിദേശ വിദ്യാർത്ഥികളെക്കൂടി ആകർഷിക്കുന്ന കേന്ദ്രമായി ഇവയ്ക്ക് മാറാനാവും കേരളത്തിലെ വിഭ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറത്തുനിന്ന് വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയണം. അകത്തു നിന്നായാലും പുറത്തുനിന്നായാലും സമർത്ഥരായ വിദ്യാർത്ഥികളെ ആകർഷിക്കണമെങ്കിൽ നമ്മുടെ സ്ഥാപനങ്ങൾ ഉയർന്ന ഗുണനിലവാരം പുലർത്തണം.

കേരളത്തിലെ വിദ്യാഭ്യാസമേഖലയെ ലോകകേരളത്തിനു യോജിക്കും വിധം മാറ്റിയെടുക്കണമെങ്കിൽ പുറംലോകത്തെ വിഭ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി കൂടുതൽ ഇടപഴകാനും സഹകരിക്കാനും നാം തയ്യാറാകേണ്ടതുണ്ട്. കേരളത്തിന്റെ താൽപര്യങ്ങൾ വിട്ടുവീഴ്ച ചെയ്യാതെ പുറം ലോകത്തെ വിഭ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതും നമ്മുടെ നാട്ടിലുള്ളവർക്ക് വിദേശത്ത് പുതിയ സാധ്യതകൾ നേടിയെടുക്കാൻ സഹായിക്കും.

**വിനോദസഞ്ചാരം**

കേരളം രണ്ടു ദശാബ്ദക്കാലത്തിലേറെയായി മെച്ചപ്പെട്ട പ്രകടനം കാഴ്ചവെയ്ക്കുന്ന വികസന മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാരരംഗത്തെ കേരളത്തിന്റെ അനന്തസാധ്യതകൾ ഉപയോഗിക്കുന്നതിൽ പ്രവാസിസമൂഹത്തിനു വലിയ പങ്കു വഹിക്കാൻ കഴിയും. നിലവിൽ 10–13% മാത്രമായ ടൂറിസം വരുമാനം സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 25% ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ അത് ഒരു വൻ കുതിച്ചുചാട്ടമാവും. പ്രവാസിസമൂഹത്തിന്റെ സാന്നിദ്ധ്യം തന്നെ ഒരു വലിയ വിനോദസഞ്ചാര സാദ്ധ്യതയാണ്. കേരളത്തിന്റെ സന്ദർശന സാദ്ധ്യതകൾ പ്രചരിപ്പിച്ചു മറ്റു ദേശക്കാരെ കേരളത്തിലേക്ക് അയയ്ക്കുന്നതിൽ പ്രവാസിസമൂഹം മുൻകൈയ്യെടുത്താൽ അത് മറ്റൊരു വിപണിയാവും തുറക്കുക. പ്രവാസികളുടെ കൂട്ടായ്മകൾക്കു ഇതൊരു ലാഭദായക സംരംഭം എന്ന നിലയ്ക്കു ഒരു പക്ഷേ ഏറ്റെടുക്കാനാവും.

നാട്ടിൽ പ്രവാസികളുടെ ഉടമസ്ഥതയിൽ പ്രവാസികേന്ദ്രങ്ങൾ വികസിപ്പിക്കാനുള്ള നിർദ്ദേശം ഇത്തരത്തിൽപെടുന്ന ഒന്നാണ്. പ്രവാസികേന്ദ്രങ്ങളുടെ വികസനത്തിൽ നിക്ഷേപിക്കുന്ന പ്രവാസികൾക്ക് അതുവഴി നാട്ടിൽ ഒരു മേൽവിലാസം സൃഷ്ടിക്കാനാവും. നാട്ടിൽ വരുന്ന സമയത്ത് സ്വന്തം സ്ഥലത്ത് താമസിക്കാനും നാട്ടിലെ ജീവിതം ആസ്വദിക്കാനും കഴിയും. നാട്ടിൽ ഇല്ലാത്ത സമയത്ത് മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകി ആദായം ഉണ്ടാക്കുവാനും പ്രവാസികേന്ദ്രങ്ങൾ വഴി കഴിയും.

ഇവിടെ നടക്കുന്ന ചർച്ചകളുടെ ഭാഗമായി, പ്രവാസിസമൂഹത്തിൽ നിന്നു തന്നെ ഇത്തരം വിവിധ വികസന നിർദ്ദേശങ്ങൾ ഉയർന്നുവരുന്നതായാൽ അവയ്ക്ക് പ്രായോഗികവും മൂർത്തവുമായ രൂപം നൽകാൻ ലോക കേരളസഭയും അതിന്റെ തുടർ പ്രവർത്തനങ്ങളും സഹായിക്കും. മേൽപറഞ്ഞ മേഖലകളിലൊക്കെ പ്രവാസി പങ്കാളിത്തത്തോടെ രൂപീകരിക്കാനാകുന്ന പദ്ധതികൾ മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനുകൂടി ഉതകുന്നവിധം ചിട്ടപ്പെടുത്താനായാൽ കൂടുതൽ ഉചിതമായിരിക്കും.

**സർക്കാരിന്റെ വർത്തമാനകാല ഇടപെടലുകൾ**

പ്രവാസകാര്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി ശ്രദ്ധേയമായ പല പരിപാടികളും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. നോർക്കാറൂട്ട്സും, വെൽഫയർ ബോർഡും സജീവമായി രംഗത്തുണ്ട്. സർക്കാരിന്റെ ഇതര വകപ്പുകളും, തദ്ദേശഭരണ സ്ഥാപനങ്ങളും പ്രവാസികളുടെ ക്ഷേമത്തിനായി ഇടപെടുന്നുണ്ട്. പ്രവാസികളുടെ പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ടും ക്ഷേമനിധി പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ടും നടത്തിയ ഇടപെടലുകൾ ഏറെ ശ്രദ്ധേയമായിരുന്നു. എന്നാൽ പ്രവാസികൾ നേരിടുന്ന വെല്ലുവിളികളുമായോ, പ്രവാസത്തിന്റെ സാദ്ധ്യതകളുമായോ, തട്ടിച്ചു നോക്കുമ്പോൾ സംസ്ഥാനം ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട് എന്ന കാര്യം വ്യക്തമാകും. സർക്കാരിന്റെ ഇടപെടൽ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

അതേസമയം അനുവദിക്കുന്ന പദ്ധതിവിഹിതം പോലും നേരെ ചൊവ്വേ ചെലവഴിക്കാൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു കാര്യം. ഈ ദുസ്ഥിതിക്ക് പരിഹാരം കാണാനുള്ള നടപടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് 2017–18 ൽ പ്രവാസികാര്യവകുപ്പിന്റെ പദ്ധതിവിഹിതം ഇരട്ടിയിലധികം ഉയർത്തിയത്. പക്ഷെ പദ്ധതിവിഹിതം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല ഈ രംഗത്തെ പ്രശ്നങ്ങൾ. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവാസത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനും വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. കാഴ്ചപ്പാടും പ്രവർത്തന പരിപാടിയും ഉണ്ടായാൽ നിർവഹണത്തിനുള്ള സംവിധാനം ക്രമീകരിക്കണം. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുണ്ടാവാനും ലോക കേരളസഭയിലെ ചർച്ചകൾ സഹായിക്കും എന്നാണ് കരുതുന്നത്. സഭയിലും അതിനുശേഷവും ഉണ്ടാവുന്ന നിർദ്ദേശങ്ങളെയും സർക്കാർ ഗൗരവത്തോടെ എടുക്കും.

**<u>ഉപസംഹാരം</u>**

നമ്മുടെ നാടിന്റെ സമ്പദ്ഘടനയുടെ സുപ്രധാനമായ കരുത്തായി നിൽക്കുന്ന പ്രവാസികളെ കൂട്ടിയോജിപ്പിക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമായാണ് കാണുന്നത്. അതിന്റെ ഭാഗമായാണ് ഇത്തരമൊരു സമ്മേളനം ചേർന്നിട്ടുള്ളത്. നമ്മുടെ നാടിന്റെ വികസനത്തിന് കൂടുതൽ സംഭാവന നൽകുന്നതിന് പ്രവാസികൾക്ക് കഴിയും. എന്നാൽ അതിന് അനുയോജ്യമായ വിധത്തിലുള്ള മുൻകൈ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് ഈ സമീപന രേഖ അവതരിപ്പിക്കുന്നത്. കൂടുതൽ ചർച്ചകളിലൂടെ ഇത് സമ്പന്നമാക്കി കേരള വികസനത്തിനായി പ്രവാസികളെ അണിനിരത്തുന്നതിനുള്ള ഒരു കാഴ്ചപ്പാട് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ രംഗത്ത് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനേക്കാൾ ഭാവിയിൽ എന്തു ചെയ്യാനാവും എന്ന കാര്യത്തിനാണ് ഇതിൽ ഊന്നിയിട്ടുള്ളത് എന്നും ഓർമ്മിപ്പിക്കട്ടെ. ജനങ്ങളുടെ അഭിപ്രായങ്ങളും സഭാംഗങ്ങളുടെ നിർദ്ദേശങ്ങളും എല്ലാം കണക്കിലെടുത്ത് ഈ രേഖയുടെ സമ്പുഷ്ട രൂപം പിന്നീട് പ്രസിദ്ധീകരിക്കണം എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

*************************************

# <u>അനുബന്ധം 1</u>

**പ്രവാസി-പണത്തിന്റെ താരതമ്യം സമ്പദ് വ്യവസ്ഥയിലെ മറ്റു സാമ്പത്തിക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ (കോടിയിൽ)**

| സാമ്പത്തിക സൂചകം | വർഷം | | | | |
|---|---|---|---|---|---|
| | 1998 | 2003 | 2008 | 2011 | 2014 |
| **പ്രവാസിവരുമാനം** | **13652** | **18465** | **43288** | **49695** | **71142** |
| ആഭ്യന്തരഉല്പാദനം | 53552 | 83783 | 140889 | 159144 | 196077 |
| സംസ്ഥാനറെവന്യൂ വരുമാനം | 7198 | 10634 | 24936 | 31181 | 58058 |
| കേന്ദ്രസർക്കാരിൽനിന്നുള്ളവരുമാനം | 1991 | 2653 | 7861 | 7982 | 14365 |
| സംസ്ഥാനചെലവ് | 5855 | 9908 | 18934 | 22546 | 46639 |
| സംസ്ഥാനപൊതു കടം | 15700 | 31060 | 61653 | 78239 | 114121 |
| കശുവണ്ടികയറ്റുമതി വരുമാനം | 1317 | 1217 | 1198 | 1636 | 2138 |
| സമുദ്രോല്പന്നകയറ്റുമതി വരുമാനം | 817 | 995 | 1431 | 1670 | 3435 |

*സ്രോതസ്സ്: കേരള മൈഗ്രേഷൻ സർവേ, 2014*

<u>**അനുബന്ധം 2**</u>

കേരളത്തിൽനിന്നുള്ള പ്രവാസികളും തിരിച്ചെത്തിയവരും




*സ്രോതസ്സ്: കേരള മൈഗ്രേഷൻ സർവേ, 2014.*

# അനുബന്ധം 3

രാജ്യങ്ങ® തിരിച്ചുള്ള കേരള പ്രവാസി സമൂഹത്തിന്റെ ഏകദേശ കണക്ക്

(രാജ്യങ്ങൾ തിരിച്ചുള്ള പ്രവാസികളുടെ എണ്ണം (ലക്ഷത്തിൽ) )

| രാജ്യങ്ങൾ | 2014 | 2011 | 2008 | 2003 |
|---|---|---|---|---|
| യു.എ.ഇ | 8.99 | 8.83 | 9.18 | 6.70 |
| സൌദി അറേബ്യ | 5.22 | 5.75 | 5.03 | 4.90 |
| ഒമാൻ | 1.89 | 1.95 | 1.68 | 1.53 |
| കുവൈറ്റ് | 1.83 | 1.28 | 1.29 | 1.14 |
| ബഹറിൻ | 1.50 | 1.02 | 1.01 | 1.09 |
| ഖത്തർ | 1.06 | 1.48 | 1.22 | 0.99 |
| മറ്റു പശ്ചിമ ഏഷ്യൻ രാജ്യങ്ങള് | 0.21 | 0.07 | 0.00 | 0.02 |
| യു.എസ്.എ | 0.70 | 0.68 | 1.02 | 0.98 |
| കാനഡ | 0.11 | 0.09 | 0.14 | 0.05 |
| യു.കെ | 0.38 | 0.45 | 0.39 | 0.23 |
| മറ്റു യൂറോപ്യൻ രാജ്യങ്ങള് | 0.19 | 0.11 | 0.10 | 0.14 |
| ആഫ്രിക്ക | 0.15 | 0.13 | 0.13 | 0.16 |
| സിംഗപ്പൂർ | 0.09 | 0.11 | 0.12 | 0.14 |
| മാലദ്വീപ് | 0.03 | 0.07 | 0.07 | 0.14 |
| മലേഷ്യ | 0.09 | 0.13 | 0.12 | 0.05 |
| മറ്റു ദക്ഷിണേഷ്യൻ രാജ്യങ്ങള് | 0.54 | 0.16 | 0.09 | 0.08 |
| ഓസ്ട്രേലിയ/ന്യൂസിലൻഡ് | 0.38 | 0.25 | 0.21 | 0.06 |
| മറ്റു രാജ്യങ്ങൾ | 0.62 | 0.25 | 0.14 | 0.00 |
| ആകെ | 24.00 | 22.81 | 21.93 | 18.38 |

*സ്രോതസ്സ്: കേരള മൈഗ്രേഷൻ സർവേ, 2014*